*fullfilling the great commission...*

THE SOUL WINNER

For Private Circulation Only

# ദി സോൾ വിന്നർ

വാർത്താ പത്രിക
അക്ഷരം
ആത്മരക്ഷയ്ക്ക്

VOLUME 1 / ISSUE 2 / AUGUST 2013

# സോൾ വിന്നേഴ്സ് ഇൻഡ്യാ കോൺഫറൻസ് സമാപിച്ചു

2013 ജൂലൈ മാസം 29-ാം തീയതി ശനിയാഴ്ച്ച സോൾ വിന്നേഴ്സ് ഇൻഡ്യാ സ്റ്റേറ്റ് കോഡിനേറ്റേഴ്സിന്റേയും, ലീഡേഴ്സിന്റേയും ഏകദിന കോൺഫറൻസ് കേരളത്തിൽ മാവേലിക്കര, ചെന്നിത്തല ഐ.പി.സിഹാളിൽ വച്ച് നടന്നു.

എസ്. ഡബ്ള്യൂ. ഐയുടെ എക്സിക്യൂട്ടീവ് അംഗങ്ങൾ, സ്റ്റേറ്റ് കോഡിനേറ്റേഴ്സ്, ലീഡേഴ്സ്, എന്നിവർക്കു പുറമേ എസ്. ഡബ്ള്യൂ.ഐ കുടുംബാംഗങ്ങളും പുതുതായ് ചേരുവാൻ വന്ന പ്രതിനിധികളും ഉൾപ്പെടെ അറുപതോളം പേർ പങ്കെടുത്തു.



രാവിലെ 9 മണിക്ക് പാസ്റ്റർ ജീവൻ സാൽവ (എം.പി) പ്രാർത്ഥിച്ചാരംഭിച്ച ആദ്യ സെഷന് എസ്. ഡബ്ള്യൂ. ഐ മുൻ പ്രസിഡന്റും എക്സിക്യൂട്ടീവ് ബോർഡ് മെമ്പറുമായ റവ. പാസ്റ്റർ ജോൺസൺ ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ റിങ്കു നായിക് (ഒറീസ), ഡി.എസ്. ദുർഗ്ഗ (മഹാരാഷ്ട്ര) എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

1 ശമു. 9:6 ആധാരമാക്കി നമ്മെ ആക്കിയിരിക്കുന്ന സ്ഥാനത്ത് നാം ദൈവ ദാസന്മാരായിരിക്കുക എന്ന വിഷയത്തെ കുറിച്ചു അദ്ധ്യക്ഷൻ ഉപക്രമപ്രസംഗം നടത്തി. വിവിധ ഇടവേളകളിലായി സുവി. യേശുദാസ് (ന്യൂഡൽഹി), കർഗോൺ അമ്മാജി (മദ്ധ്യപ്രദേശ്) പാസ്റ്റർ ഡി.എസ്. ദുർഗ്ഗ (മഹാരാഷ്ട്ര), പാസ്റ്റർ സൂരജ് (മദ്ധ്യപ്രദേശ്), പാസ്റ്റർ ജോർജ് തോമസ് (കാശ്മീർ), പാസ്റ്റർ കലുറാം (ഒറീസ), പാസ്റ്റർ ഭരത് മസ്സി (രാജസ്ഥാൻ), പാസ്റ്റർ രാമറാവു (ഒറീസ), പാസ്റ്റർ ജ്ഞാനശീലൻ (കേരളം) എന്നീ കർതൃദാസീദാസന്മാർ അനുഭവസാക്ഷ്യങ്ങൾ പങ്കുവച്ചു.

എസ്.ഡബ്ള്യൂ.ഐ ഗ്രയ്സ് ഹയർ സെക്കന്ററി സ്കൂൾ (മദ്ധ്യപ്രദേശ്) മുൻ പ്രിൻസിപ്പൽ റവ. ജയിംസ് സുകുമാരൻ (കൊച്ചി), സിസ്റ്റർ ആനി തിമത്തി (അമേരിക്ക), സിസ്റ്റർ നിസ്സി ദാനിയേൽ (അമേരിക്ക) എന്നിവർ അനുഭവസാക്ഷ്യങ്ങളോട് ചേർന്ന് ആത്മീയ പ്രബോധനങ്ങൾ അറിയിച്ചു. തുടർന്ന് മുഖ്യ അതിഥിയായ പാസ്റ്റർ കെ. എം. തിമത്തി (അമേരിക്ക) സമാപന സന്ദേശം നല്കി.

എസ്.ഡബ്ള്യൂ.ഐ ഇന്റർ നാഷണൽ കോഡിനേറ്റർ ബ്രദർ ഡാനിയേൽ ഈശോ നന്ദി പ്രകാശിപ്പിക്കുകയും എസ്.ഡബ്ള്യൂ.ഐ സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ. എൻ ക്രിസ്തുദാസ് (തിരുവനന്തപുരം) പ്രാർത്ഥിച്ച് ആശിർവാദത്തോടെ പ്രാരംഭ സെഷൻ ഉച്ചയ്ക്ക് അവസാനിച്ചു.

ഉച്ചഭക്ഷണത്തിനും, വിശ്രമത്തിനും ശേഷം നാല് മണിക്ക് എസ്.ഡബ്ള്യൂ.ഐ ബഥേൽ ബൈബിൾ കോളേജുകളുടെ പ്രിൻസിപ്പൽ റവ. അനിയൻകുഞ്ഞ് കെ. കെയുടെ അദ്ധ്യക്ഷതയിൽ ചേർന്ന രണ്ടാമത്തെ സെഷൻ പാസ്റ്റർ സ്റ്റീഫൻ മസ്സി (ഛത്തീസ്ഗഡ്) പ്രാർത്ഥിച്ച് ആരംഭിച്ചു. പാസ്റ്റർമാരായ റിങ്കു നായിക് (ന്യൂഡൽഹി) ഏണസ്റ്റ് പോൾ എന്നിവർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

തുടർന്ന് സ്റ്റേറ്റ് കോഡിനേറ്റേഴ്സും, ലീഡേഴ്സുമായ പാസ്റ്റർ രാജു ഹൻസ (ബീഹാർ), പാസ്റ്റർ ഏണസ്റ്റ് പോൾ (ആന്ധ്രാപ്രദേശ്), പാസ്റ്റർ സ്റ്റീഫൻ മസ്സി (ഛത്തിസ്ഗഡ്), പാസ്റ്റർ ഭരത് മസ്സി (ഗുജറാത്ത്), പാസ്റ്റർ ഡമർ സിംഗ് (മദ്ധ്യ

(ബാക്കി പേജ് 5 ൽ)

## പ്രതീക്ഷ നഷ്ടപ്പെട്ട യൗവ്വനതലമുറ

പത്തിൽ ഒരാൾ എന്ന ക്രമത്തിൽ ദൈനംദിന ജീവിതത്തിൽ പ്രതീക്ഷ നഷ്ടപ്പെട്ട് ജീവിക്കുന്നവരായി ഇന്നത്തെ യുവജനങ്ങൾ തീർന്നിരിക്കുന്നു എന്ന് യുവജനങ്ങൾക്കായി പ്രവർത്തിക്കുന്ന ദി പ്രിൻസ് ട്രസ്റ്റ് മുന്നറിയിപ്പ് നല്കിയിരിക്കുന്നു. ജോലി രഹിതരും, വിദ്യാഭ്യാസമില്ലാത്തവരുമായ 16നും 25നും മദ്ധ്യേ പ്രായമുള്ള രണ്ടായിരത്തോളം യുവജനങ്ങൾക്കിടയിൽ നടത്തിയ ഒരു പഠനറിപ്പോർട്ടിലെ വിശദാംശങ്ങൾ ഇങ്ങനെയാണ്: അഞ്ച് പേരിൽ ഒന്നിലധികം ആളെന്ന ക്രമത്തിൽ (22%) തങ്ങളുടെ പ്രശ്നങ്ങൾ പറയുവാനും കേൾക്കുവാനും ആരും ഇല്ല എന്ന കാരണത്താൽ വിഷമിക്കുന്നവരാണ്. മാനസിക തകർച്ച അനുഭവിക്കുന്ന യൗവ്വനക്കാരുടെ എണ്ണം ഏകദേശം 27% മുതൽ 48% വരെയാണ്. തൊഴിലില്ലായ്മയും, തൊഴിൽ നിഷേധവും, മാറിയ ജീവിതസാഹചര്യങ്ങളും യൗവ്വനതലമുറയെ ഭീതിപ്പെടുത്തുന്ന അക്രമവാസനയിലേക്കും, അരാചകത്വത്തിലേക്കും തള്ളിയിടുന്നു.

വെല്ലുവിളികൾ നിറഞ്ഞ ബാല്യത്തിൽനിന്നും, പ്രശ്നസങ്കീർണ്ണമായ യൗവ്വനത്തിലേക്കെത്തുന്ന യുവജനങ്ങൾക്ക് ശരിയായ ധാർമിക പിൻതുണ കൊടുത്താൽ അവരെ രക്ഷിക്കുവാൻ നമുക്ക് സാധിക്കും.




## 23-ാ മത് വേൾഡ് പെന്തക്കോസ്തൽ കോഫറൻസ്

മലേഷ്യ: ലോകത്തിലെ വിവിധ ജാതിമതസ്ഥരുടെ സംഗമവേദിയും, ലോകോത്തര സംസ്കാരങ്ങളുടെയും, ആചാരങ്ങളുടെയും കേന്ദ്രവും പസഫിക്കിന്റെ തീരത്ത് ഏഷ്യയുടെ തെക്ക് കിഴക്കൻ രാജ്യവുമായ മലേഷ്യയുടെ തലസ്ഥാനമായ കൊലാലമ്പൂരാണ് 23-ാമത് വേൾഡ് പെന്തക്കോസ്തൽ കോഫറൻസിന് വേദിയാകുന്നത്.

മലേഷ്യയുടെ 56-ാമത് സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 27ന് പുതുതായ് പണികഴിപ്പിച്ച കാൽവറി കവൻഷൻ സെന്ററിൽവച്ച് ലോകത്തിലെ ഏറ്റവും വലിയ സഭയായ ഫുൾ ഗോസ്പൽ ചർച്ചിന്റെ സീനിയർ പാസ്റ്ററും, സ്ഥാപകനുമായ റവ. ഡോ. പോൾ യോംഗിച്ചോ കോഫറൻസ് ഉത്ഘാടനം ചെയ്യും.

ഐക്യതയ്ക്കുള്ള പ്രാവചനീക സന്ദേശവും, യേശുക്രിസ്തുവിന്റെ അന്ത്യകല്പനയുടെ സാക്ഷാത്ക്കാരത്തിനായി പരിശുദ്ധാത്മ നിറവുമുള്ള സഭയുടെ ആധുനിക തലമുറയെ സുവിശേഷീകരണത്തിന് സജ്ജമാക്കേണ്ടതിന് ഒരുമനപ്പെടുക എന്നതാണ് കോഫറൻസിന്റെ പ്രധാന ചിന്താവിഷയം.

ലോകത്തിലെ എല്ലാ പെന്തക്കോസ്തൽ കരിസ്മാറ്റിക് ചർച്ചുകളുടെ ഏകീകരണവും, വിജയകരമായ സുവിശേഷീകരണത്തിന് ഏകീകൃതമായ ആശയങ്ങൾ തീരുമാനിക്കുതിനും ഈ വേദി പ്രയോജനപ്പെടുത്താൻ സംഘാടകർ ലക്ഷ്യമിടുന്നു.

## ഡോ. വൈ. ജയരാജ് മഹത്വത്തിൽ



**തിരുവനന്തപുരം:** അസംബ്ലീസ് ഓഫ് ഗോഡ് ഇൻ ഇന്ത്യാ മുൻ ജനറൽ സൂപ്രണ്ടും പ്രമുഖ ലോക പെന്തക്കോസ്ത് നേതാവുമായിരുന്ന പാസ്റ്റർ വൈ.ജയരാജൻ (80) ജൂലൈ 20ന് മധുരയിൽ വച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം അഖിലേന്ത്യാ എ.ജി.ജനറൽ സൂപ്രണ്ട് റവ. ഡേവിഡ് മോഹന്റെ നേതൃത്വത്തിൽ ചെങ്കോട്ട കെ.പി വലഡിയിൽ ജൂലായ് 22ന് നടന്നു. 1995 ലാണ് പാസ്റ്റർ ജയരാജ് ഇന്ത്യാ എ.ജിയുടെ പ്രഥമ ദേശീയ പ്രസിഡന്റായി തീരഞ്ഞെടുക്കപ്പെട്ടത്.

## സൂര്യനമസ്കാരത്തിനെതിരെ എതിർപ്പ്

**ഭോപ്പാൽ:** സ്വാമി വിവേകാനന്ദന്റെ ജന്മദിനത്തിൽ വിദ്യാലയങ്ങളിൽ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതായ് പറയപ്പെടുന്ന സൂര്യനമസ്ക്കാരത്തിനെതിരെ മദ്ധ്യപ്രദേശിലെ മുസ്ലീങ്ങളും, ക്രിസ്ത്യാനികളും ശക്തമായ എതിർപ്പുമായ് രംഗത്ത് വന്നു.

സൂര്യനമസ്കാരം നിർബന്ധിതമല്ലെന്നും, ഇതു കേവലം ഒരു ആചാരം മാത്രം ആണെന്നുമുള്ള വിശദീകരണവുമായ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ രംഗത്തെത്തി. യോഗയുടെ ഭാഗമായ് ചെയ്യുന്ന സൂര്യനമസ്കാരത്തെ ശരീരത്തിന്റെ ആരോഗ്യത്തിന് പ്രയോജനപ്പെടുന്ന ഒരു വ്യായാമം മാത്രമായ് ഇതിനെ കണ്ടാൽ മതിയെന്നാണ് അദ്ദേഹം വിശദീകരിച്ചത്.

ഒരു മതത്തിന്റെയും ആചാരങ്ങളെ മറ്റൊരാളിൽ നിർബന്ധിതമായ് അടിച്ചേൽപ്പിക്കരുതെന്ന രാജ്യത്തിന്റെ ഭരണഘടന വിവാവനം ചെയ്യുന്ന സ്വാതന്ത്ര്യത്തിലേക്കുള്ള കൈകടത്തലും വിഗ്രഹാരാധനയായും അന്യദൈവത്തെ ആരാധിക്കുവാനും പരപ്രേരണയായും ഇത് തീരുമെന്നാണ് സംസ്ഥാനത്തെ മുസ്ലീങ്ങളും, ക്രിസ്ത്യാനികളും മനസ്സിലാക്കുന്നത് എങ്കിലും സ്കൂളുകളിൽ വിവേകാനന്ദ ജന്മദിനത്തിൽ ഇത് നിർബന്ധമല്ലെന്ന മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ വിശ്വാസമർപ്പിച്ചിരിക്കുകയാണ് സൂര്യനമസ്കാരത്തെ എതിർക്കുന്നവർ.

## എന്റെ ജീവിതയാത്രയുടെ ഇംഗ്ലീഷ് പരിഭാഷ ഉടൻ പുറത്തിറങ്ങും




സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും പ്രസിഡന്റുമായ ബഹു. കെ.ജി ഈശോയുടെ ജീവചരിത്രമായ എന്റെ ജീവിതയാത്ര എന്ന മലയാള ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയായ My Life Journey ഉടൻ പുറത്തിറങ്ങും. ഗ്രന്ഥത്തിന്റെ മലയാളത്തിലെ പരിമിതമായ കോപ്പികൾ മത്രമാണ് ബാക്കിയുള്ളത്.

കേരളത്തിലെ ബൈബിൾ കോളേജുകൾക്കും, ക്രിസ്തീയഗ്രന്ഥ ശാലകൾക്കും, സഭാ നേതൃത്വങ്ങൾക്കും മറ്റ് ആവശ്യക്കാർക്കും കോപ്പികൾ സൗജന്യമായ് കൊടുക്കുവാൻ താല്പര്യപ്പെടുന്നു. കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക.

## എഡിറ്റോറിയൽ

# കേരളം

വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, കാലാവസ്ഥ, പൊതുവിതരണ ശൃംഖല എന്നിങ്ങനെ ഒട്ടനവധി മേഖലകളിൽ ഇതര ഇൻഡ്യൻ സംസ്ഥാനങ്ങൾക്ക് എന്നും മാതൃകാസംസ്ഥാനമായ് നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ലോക വിനോദസഞ്ചാര ഭൂപടത്തിലും ഇൻഡ്യയുടെ കൊച്ചുസംസ്ഥാനമായ കേരളത്തിന്റെ സ്ഥാനം പ്രത്യേകമായ് അടയാളപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തും, കർമ്മരംഗത്തും ഏതൊരു മലയാളിയും പുലർത്തുന്ന തന്മയത്തവും, മിടുക്കും ലോക ജനതയുടെ തന്നെ ആകർഷണീയത നേടിയ ഒന്നാണ്. ഇങ്ങനെ കേരളത്തെക്കുറിച്ചോ, കേരളീയനോക്കുറിച്ചോ പറയാവുന്ന വിശേഷണങ്ങൾ എണ്ണമറ്റതാണ്.

ഭാരതമെന്ന് കേട്ടാൽ അഭിമാന പൂരിതമാകണം കേരളം എന്ന് കേട്ടാൽ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ എന്ന പ്രസിദ്ധമായ കവിവാക്യം പോലും കേരളത്തിന്റെ യശ്ശസ് വാനോളം ഉയർത്തിപിടിക്കാൻ ഉതകുന്നതാണ്. ഭരണരംഗത്തും, രാഷ്ട്രീയരംഗത്തും, ഉദ്യോഗസ്ഥ രംഗത്തും, ശാസ്ത്രലോകത്തും ഇങ്ങനെ രാജ്യപുരോഗതിയുടെ ഗതിവികതികൾ നിർണ്ണയിക്കുന്ന ഇൻഡ്യയുടെ അത്യുന്നത മേഖലകളിലെല്ലാം തന്നെ മലയാളികളുടെ സംഭാവന എണ്ണമറ്റതാണ്. ലോകത്തിലെ തന്നെ വിവിധ രാജ്യങ്ങളിൽ തന്ത്ര പ്രധാനമായ ഒട്ടനവധി മേഖലകളിൽ മലയാളിയുടെ സാന്നിദ്ധ്യം പ്രശംസനീയമാണ്. അങ്ങനെ മലയാളിയെക്കുറിച്ചും, കേരളത്തെക്കുറിച്ചുമുള്ള എല്ലാ അഭിപ്രായങ്ങളും ഒരു ഭാഗത്ത് തുടരുമ്പോൾ തന്നെ ഇന്ന് ലോക മനസാക്ഷിയെ തന്നെ ഞെട്ടിക്കുന്ന അതിഭീകര സംഭവങ്ങളും രാഷ്ട്രീയ അഴിമതിയും, സാമൂഹിക അരക്ഷിതാവസ്ഥയും, അനീതിയും, അക്രമങ്ങളും, ജാതീയ കലഹങ്ങളും, മതവൈര്യവും, സാമുദായീക സ്പർദ്ധയും അനുനിമിഷം നമ്മുടെ കൊച്ചു സംസ്ഥാനത്ത് പെരുകിക്കൊണ്ടിരിക്കുന്നു.

മനുഷ്യന്റെ ശ്വാസോച്ഛ്വാസത്തിന് വരെ നികുതിയീടാക്കുന്ന ഗവൺമെന്റിനെ നയിക്കുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളും, കേവലം അഴിമതിക്കും, സ്വജന പക്ഷപാതത്തിനും മാത്രമായി വികസനം നടത്തുന്നവരായി തീർന്നിരിക്കുന്നു. സ്വന്തം മാതാപിതാക്കൾ മകളെ അന്യർക്ക് കാഴ്ച്ചവച്ചും വിറ്റും പണം സമ്പാദിക്കുന്നു. രണ്ടാനച്ഛൻ മകളെ ലൈഗീംകമായി പീഡിപ്പിക്കുന്നു. രണ്ടാനമ്മ മക്കളെ പീഡിപ്പിച്ച് കൊല്ലുന്നു. കളങ്കിതമായികൊണ്ടിരിക്കുന്ന ജുഡീഷ്വറി, വനിതാപരാതി പരിഹാര സെല്ലിൽ ലഭിച്ച പരാതിയിന്മേൽ അന്വേഷണത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ അതേ പരാതിക്കാരിയുടെ പീഡകനായി മാറുന്നു. ട്രയിനചന്റ യാത്രക്കാരുടെ സഹായകനും സംരക്ഷകനുമാകേണ്ട റ്റി.റ്റി.ആർ സ്ത്രീപീഡകനായി മാറുന്നു. ഭർത്താവിനെ കൊല്ലാൻ ഗുണ്ടാസംഘത്തെ നിയോഗിക്കുന്ന ഭാര്യ. വാഷിംഗ് മിഷ്യന്റെ ടാങ്കിൽ മകനെ മുക്കി കൊന്ന അമ്മ, കല്ലിൽ മകനെ അടിച്ചുകൊന്ന പിതാവ്. ഈ താളുകളിൽ എഴുതാവുന്നതിനും അപ്പുറമാണ് ഇന്നത്തെ കേരളത്തിന്റെ ഭീതിപ്പെടുത്തുന്ന വാർത്തകൾ. ഈ വാർത്തകൾ കേട്ട് എന്ത് ചെയ്യണമെന്ന് അറിയാതെ പകച്ചു നിൽക്കുകയാണ് സാധാരണസമൂഹം.

ട്യൂഷൻ പഠിക്കാൻ പോയ മകൾ അദ്ധ്യാപകനുമൊത്ത് സ്ഥലം വിട്ടു. സ്കൂളിൽ പഠിക്കാൻ പോയ വിദ്യാർത്ഥികൾ (ആൺകുട്ടികൾ) അദ്ധ്യാപകനുമൊത്ത് മദ്യപിച്ചു. ഏറ്റവും ഒടുവിൽ സോളാർ വിവാദം ഉൾപ്പെടെ നാണം കെട്ടതും വൃത്തിഹീനവും മനുഷ്യൻ കേൾക്കാൻ തന്നെ അറയ്ക്കുന്നതും, അതിഭീകരവുമായ ഒട്ടനവധി സംഭവങ്ങളാണ് ഇന്ന് ലോകം കേരളത്തിൽ നിന്നും കേട്ടുകൊണ്ടിരിക്കുന്നത്.

തോരാതെ പെയ്ത മഴ കേരളത്തെ തകർത്തു വാരി. മഴയോടൊപ്പം റോഡുകൾ തകർന്നു. ഉപഭോഗ സംസ്ഥാനമായ കേരളം മറ്റെല്ലാ സംസ്ഥാനങ്ങളേയും അപേക്ഷിച്ച് വിലക്കയറ്റത്തിൽ ഒന്നാമതാണ്, ഒപ്പം അടിക്കടി ഉയരുന്ന ഇന്ധന വില നിമിത്തം ജനജീവിതം തീർത്തും ദുഃസ്സഹമായിക്കൊണ്ടിരിക്കുന്നു.

സ്വാമി വിവേകാനന്ദൻ പറഞ്ഞതുപോലെ കേരളം ഭ്രാന്താലയം ആയി തീർന്നിരിക്കുന്നു. ഇത് കേവലം കേരളത്തിലെ ഒരു വിഭാഗം ആളുകൾ മാത്രമോ, ഏതെങ്കിലും ഒരു മതത്തിലോ ജാതിയിലോ ഉൾപെട്ട ആളുകൾ മാത്രമോ ചെയ്യുന്നതല്ല. മുകളിൽ കുറിക്കപ്പെട്ട സംഭവങ്ങൾക്ക് പുറമേ കുലപാതകം, സാമ്പത്തിക തട്ടിപ്പ്, വിസാ തട്ടിപ്പ്, അല്ലെങ്കിൽ കുടുംബബന്ധം വേർപ്പെടുത്തൽ ഉൾപ്പെടെ ഒട്ടുമിക്ക കേസുകളിൽ പെന്തക്കോസ്തർ ഉൾപ്പെടെ പ്രതികളായിതീരുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. സമൂഹത്തിലെ ഏതൊരു കാലത്തിലെയും തിന്മകൾക്കെതിരെ സംസാരിക്കുകയും, ജനത്തെ ബോധവാന്മാരാക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു കൂട്ടമാണ് നാം പെന്തക്കോസ്തുകാർ. എന്നാൽ നാമും ഇന്ന് ലോകത്തിന് അനുരൂപരായികൊണ്ടിരിക്കുന്നു.പെന്തക്കോസ്തുകാർക്കിടയിലും ആൾ ദൈവങ്ങൾ പെരുകുന്നു. ജനത്തിന്റെ വൈകാരിതയിൽ മാത്രം ഊന്നിനിന്നുകൊണ്ട് സമ്പത്ത് കൊള്ളയടിക്കുകയും സത്യവചനത്തിൽ നിന്ന് വഴിതെറ്റിച്ച് സ്വർഗീയ നിത്യത എന്ന വിശ്വാസസമൂഹത്തിന്റെ അടിസ്ഥാന ഭാവിപ്രത്യാശയെ തന്നെ തകിടം മറിക്കുന്ന ആധുനിക ശുശ്രൂഷ രീതികളിലേക്കും നാം വഴി മാറിക്കഴിഞ്ഞു.

ദൈവവചനത്തിൽ പറയുന്നതുപോലെ എല്ലാറ്റിന്റേയും അവസാനം വന്നിരിക്കുന്നു. അതുകൊണ്ട് നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിപ്പാൻ സൂക്ഷിക്കട്ടെ. അഴുക്കുള്ളവൻ അഴുക്കാകട്ടെ. നീതിമാൻ തന്നെതന്നെ നീതികരിക്കട്ടെ. വിശുദ്ധൻ ഇനി തന്നെ താൻ വിശുദ്ധീകരികട്ടെ. ഒരാൾ മറ്റൊരാളിന്റെ വാക്ക് കേൾക്കുന്നില്ല എന്നതിലുപരി പരിശുദ്ധാത്മാവിന്റെ ആലോചനയക്ക് പോലും ചെവികൊടുക്കാത്തവരായ് തീർന്നിരിക്കുന്നു. ആകയാൽ പ്രിയരേ നമുക്ക് നന്നാകാം. അതിനായ് പ്രാർത്ഥിക്കാം.



**ക്രിസ്ത്വാനിയുടെ കഷ്ടതയെ കേവലം മനുഷ്യസഹജമായ കഷ്ടമായി മാത്രം കാണാൻ കഴിയില്ല. കഷ്ടത ഒരു ക്രിസ്ത്വാനിയുടെ മാറ്റ് പരിശോധിക്കു ന്ന പരീക്ഷണശാലകൂടിയാണ്. കഷ്ടതയാകു തീച്ചൂളയിലൂടെ പരുവപ്പെട്ട് വരു ഒരു ദൈവപൈതലിന് മാത്രമേ സ്വർഗ്ഗീയനിത്വതയിൽ കടക്കുവാൻ കഴിയുകയുള്ളൂ.**

# കഷ്ടതയിൽ സന്തോഷിക്കുക



**റവ. സന്തോഷ് ഈശോ**
(സോൾ വിന്നേഴ്സ് ഇൻഡ്യ,
അസോസിയേറ്റ് ഡയറക്ടർ)

ഒറ്റ നോട്ടത്തിൽ പരസ്പരം വിരുദ്ധമായി ഉപയോഗിക്കുന്ന അഥവാ വിപരീതപദമായി കാണാവുന്ന രണ്ടു പദങ്ങളാണ് നമ്മുടെ ചിന്താവിഷയമായ് തിരഞ്ഞെടുത്തിരിക്കുന്നത്. ഏതൊരു മനുഷ്യനെ സംബന്ധിച്ചും സുഖവും, ദുഖവും സമ്മിശ്രമായ് പോകുന്നതാണ് ജീവിതം എന്ന് പറയുന്നത്. ഏത് മതസ്ഥർക്കും, ജാതികൾക്കും, വിഭാഗങ്ങൾക്കും ഇത് ബാധകമാണ്. സുഖം മാത്രം അനുഭവിക്കുന്നവരായി ആരെയും ഭൂമിയിൽ കാണാൻ കഴിയില്ല. എന്നാൽ ഇതിൽ നിന്നെല്ലാം വേറിട്ട് നിൽക്കുന്നവനാണ് ഒരു ക്രൈസ്തവൻ. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം കഷ്ടത തന്റെ അവകാശം കൂടിയാണ്. ഏതൊരു മക്കളും തങ്ങളുടെ പിതാവിന്റെ സ്വത്തിന്റെ അവകാശികളാണ്. മുടിയനായ പുത്രൻ അപ്പന്റെ സ്വത്തിൽ നിന്നും തനിക്ക് അവകാശപ്പെട്ടതാണ് നിർബന്ധപൂർവ്വം ആണെങ്കിലും വാങ്ങിയെടുത്തത്. പിതാവ് മകന് തന്റെ സ്വത്ത് നിയമപരമായും, ധാർമികമായും കൊടുക്കുവാൻ നിർബന്ധിതനാണ്. ഏതാണ്ട് ഇതു തന്നെയാണ് ഒരു ക്രിസ്ത്യാനിയുടെ കഷ്ടതയുടെ അവകാശവും. കഷ്ടത നാം ചോദിച്ച് വാങ്ങുന്നതോ പിതാവ് സ്വയമായി തരുന്നതോ ആയിരിക്കണം. കാരണം കഷ്ടത നമ്മുടെ അവകാശത്തിൽ മാനദണ്ഡമായിരിക്കുന്നത്. ക്രിസ്തുവിന് ലഭിച്ച സ്വർഗത്തിന് മാത്രമല്ല കഷ്ടത്തിനുംകൂടെ നാം കൂട്ടവകാശികളാണ് (കിവല്യശലേിരല). അപ്പോസ്തലന്മാരായ പൗലോസും പത്രോസും ക്രിസ്ത്യാനിയുടെ കഷ്ടതയെക്കുറിച്ച് തങ്ങളുടെ അനുഭവത്തിന്റെ പിൻബലത്തോട് കൂടി ചില പ്രധാനപ്പെട്ട വസ്തുതകൾ ലേഖനങ്ങളിലൂടെ അറിയിച്ചിട്ടുണ്ട്. അപ്പോ. 14:22ൽ നാം അനേകം കഷ്ടങ്ങളിൽകൂടി കടക്കേണ്ടതാകുന്നു, റോമ.5:4ൽ കഷ്ടങ്ങളിലും നാം പ്രശംസിക്കുന്നു, റോമ. 8:18ൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല, എഫെ. 3:13ൽ ഞാൻ നിങ്ങൾക്ക് വേണ്ടി സഹിക്കുന്ന കഷ്ടത, 2തെസ്സ. 1:4ൽ ഉപദ്രവങ്ങളിലും കഷ്ടങ്ങളിലുമുള്ള സഹിഷ്ണുത, റോമ. 8:35ൽ ''കഷ്ടതക്കോ'' യേശുവിന്റെ സ്നേഹത്തിൽ നിന്നും എന്നെ മാറ്റുവാൻ സാധ്യമല്ല എന്നിങ്ങനെ കാണുന്നു. ലോകത്തിലെ എല്ലാ സുഖങ്ങളിലും ജീവിക്കാമായിരുന്ന പൗലൊസിന്റെ വാക്കുകളാണ് ഇതെന്ന് നാം ഓർക്കണം.

അപ്പോസ്തോലനായ പത്രോസും കഷ്ടത എന്ന ക്രിസ്ത്യാനിയുടെ അവകാശത്തിന്റെ മറ്റ് ചില തലങ്ങളെക്കുറിച്ച് തന്റെ ലേഖനത്തിൽ പ്രതിപാതിച്ചിട്ടുണ്ട് 1 പത്രോ. 4:1ൽ ''കഷ്ടതയെ'' ഒരു ആയുധമായ് ചിത്രീകരിക്കുമ്പോൾ 13-ാം വാക്യത്തിൽ കഷ്ടതയിൽ സന്തോഷിക്കുവാൻ ഉത്ബോധിപ്പിക്കുന്നു. രോഗം നിമിത്തമുള്ള കഷ്ടത, സാമ്പത്തിക വിഷയങ്ങൾ നിമിത്തമുള്ള കഷ്ടത, ആരോപണങ്ങളും, അപമാനങ്ങളും നിമിത്തമുള്ള കഷ്ടത എന്നിങ്ങനെ മനുഷ്യസമൂഹത്തിൽ ആഭിമുഖീകരിക്കുന്ന ഒരു കഷ്ടതയും ആർക്കും സന്തോഷം തരുന്നതല്ല. പക്ഷെ ഒരു ക്രിസ്ത്യാനിക്ക് എങ്ങനെ തന്റെ കഷ്ടതയിൽ സന്തോഷിക്കുവാൻ സാധിക്കും എന്ന് അപ്പോസ്തോലന്മാർ വിശദമാക്കുകയാണ്.

യോസേഫിനെ നാം പഠിക്കുമ്പോൾ, സ്വന്തമല്ലാത്ത ദേശത്ത് ജയിലിൽ നിന്നുമാണ് ആ രാജ്യത്തിന്റെ ഭക്ഷ്യവകുപ്പ് മന്ത്രിയായി ഉയർത്തപ്പെട്ടത്. എന്നാൽ ആ ഉയർച്ചയുടെ പിൻപിൽ താൻ കടന്നുപോയ കഷ്ടതയുടെ നാൾവഴികൾ ഭയങ്കരമായിരുന്നു. ഒരു മൃഗത്തെപ്പോലെ പൊട്ടകിണറ്റിൽ വീഴപ്പെട്ടു. ഒരു കച്ചവടവസ്തുവിനെപോലെ വിൽക്കപ്പെട്ടു. പാപം ചെയ്യുവാൻ സൗജന്യമായി ലഭിച്ച അവസരം പാഴാക്കി ഓടി രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ, ചെയ്യാത്ത കുറ്റം ചുമത്തി ജയിലിലടയ്ക്കപ്പെട്ടു. ഒടുവിൽ അവൻ അവിടെ നിന്നെല്ലാം വിടുവിക്കപ്പെട്ടു . യോസേഫിന്റെ കഷ്ടതയിൽ അവന് സന്തോഷിക്കുവാൻ സാധിച്ചു എന്നുള്ളതാണ് തന്റെ ഉയർച്ചയുടെ കാരണം

അതിതീഷ്ണമായ കഷ്ടതയുടെ തീച്ചൂളയിലൂടെ കടന്നുപോയതുകൊണ്ടാണ് കത്തുന്ന മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട ദൈവത്തിന്റെ മുമ്പിൽ ചെരിപ്പ് ഊരി വിനയത്തോടെ നിൽക്കുവാൻ മോശയെ പ്രേരിപ്പിച്ചത്. യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായി തിരഞ്ഞെടുക്കപ്പെട്ട ദാവിദിന്റെ കഷ്ടതയുടെ നാൾ വഴികളെയും നാം കാണാതെ പോകരുത്.

തനിക്ക് ഇന്നുള്ള ഉയർച്ചകളുടെ കാരണമായ് ദാവീദിന് പറയുവാൻ സാധിക്കുന്നത്, തന്നെ ദൈവം കടത്തിവിട്ട കഷ്ടതയുടെ വഴികളെയാണ്. അങ്ങനെ ബൈബിളിലെ എല്ലാ വിശുദ്ധന്മാരുടേയും ഉയർച്ചയുടെ പിന്നാമ്പുറത്ത് നമുക്ക് കാണുവാൻ കഴിയുന്നത് അവരുടെ കഷ്ടതയുടെ അനുഭവങ്ങളാണ്.

കർത്താവായ യേശുക്രിസ്തു ക്രൂശ് മരണമെന്ന വലിയ കഷ്ടത്തിലൂടെ കടന്നുപോയതുകൊണ്ടാണ് പിതാവിന്റെ വാസസ്ഥലമായ സ്വർക്ഷത്തിലേക്ക് പോയത്. അതുകൊണ്ടാണ് അപ്പോസ്തോലനായ പൗലോസ് അപ്പോ. 14:22ൽ നാം അനേകം കഷ്ടത്തിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്ന് പറഞ്ഞിരിക്കുന്നത്. യോഹന്നാൻ 16:33ൽ യേശു പറഞ്ഞു ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ. ക്രിസ്ത്യാനിയുടെ കഷ്ടതയെ കേവലം മനുഷ്യസഹജമായ കഷ്ടമായി മാത്രം കാണാൻ കഴിയില്ല. കഷ്ടത ഒരു ക്രിസ്ത്യാനി

(ബാക്കി പേജ് 6 ൽ)

# പെന്തക്കോസ്തിന്റെ മാറുന്ന മുഖം



**സമൂഹത്തെ ഭയപ്പെടുതുകൊണ്ട് മാത്രമാണ് ഇന്ന് പെന്തക്കോസ്തുകാർ ഞായറാഴ്ച്ച യെങ്കിലും കഷ്ടിച്ച് ആരാധനയ്ക്ക് പോകുന്നത്. നമ്മുടെ ജീവിതത്തിന് കാലോചിതമായ മാറ്റം അനിവാര്യമാണ്. മാറ്റങ്ങളെ നാം ഉൾക്കൊള്ളേണ്ടതാണ്. എന്നാൽ ജീവിത വിശുദ്ധിയുടെ വിഷയത്തിലും, വിശ്വാസപ്രമാണത്തിന്റെ വിഷയത്തിലും മാറ്റങ്ങൾ സംഭവിക്കാൻ പാടില്ല. അതിന്റെ മാറ്റ് കൂടുക മാത്രമാണ് വേണ്ടത്.**



**റവ. എൻ. ജെ. ജേക്കബ്**
(സോൾ വിന്നേഴ്സ് ഇൻഡ്യ,
നാഷണൽ കോ ഓർഡിനേറ്റർ)

ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യം ഉള്ളവരാണ് കേരളത്തിലെ പെന്തകോസ്തുകാർ. വിദ്യാഹീനരും സാധാരണക്കാരുമായ ആളുകളായിരുന്നു ആദ്യകാലങ്ങളിൽ വിവിധ സമുദായ സഭകളിൽ നിന്നും, ഇതര വിഭാഗങ്ങളിൽ നിന്നും പെന്തക്കോസ്തിലേക്ക് വന്നിരുന്നത്. പ്രാരംഭകാലങ്ങൾ മുതൽ തന്നെ പെന്തക്കോസ്തിന്റേതായ ആത്മീയമൂല്യങ്ങളും, ജീവിതമൂല്യങ്ങളും നമ്മുടെ പിതാക്കന്മാർ തന്നതായ നിലയിൽ ഉയർത്തികാട്ടിയിരുന്നു. ആത്മീയമൂല്യങ്ങളും, ജീവിതമൂല്യങ്ങളും വചനാടിസ്ഥാനത്തിലാണ് പിതാക്കന്മാർ നല്കിയിരുന്നത്. എന്നാൽ അവയിൽ ചിലത് വചനത്തിന്റെ പിൻബലത്തിൽ അല്ലായിരുന്നു. കാരണം വ്യക്തികൾ തങ്ങളുടെ ജീവിതത്തിൽ പ്രത്യേക സാഹചര്യത്തിൽ ദൈവത്തോട് ചെയ്ത ഉടമ്പടിയുടെ ഭാഗമായി എടുത്ത പലതീരുമാനങ്ങളും കാലാന്തരത്തിൽ ഉപദേശ വിഷയങ്ങളായി സമൂഹം ഏറ്റെടുത്തിട്ടുണ്ട്. ഉദാഹരണമായി മനുഷ്യർ വിശുദ്ധിയുടെ നിറമായി പൊതുവേ പരിഗണിക്കുന്നത് വെള്ളനിറമാണ്. വിശുദ്ധബൈബിളിലും വിശുദ്ധന്മാർ, ദൂതന്മാർ, ദൈവം എന്നിങ്ങനെ എല്ലാവരും ശുഭ്ര വസ്ത്രധാരികളായി കാണപ്പെടുന്നു. ഈ വചനത്തിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനത്തിന്റേയോ, വിശ്വാസത്തിന്റെയോ ഭാഗമായിട്ടായിരിക്കണം പെന്തക്കോസ്തുകാർക്ക് വെള്ള വസ്ത്രധാരണം നിർബന്ധമായിതീർന്നത് എന്നാണ് എന്റെ ഒരു ധാരണ. ദീർഘകാലങ്ങളായി ഞായറാഴ്ച്ചത്തെ കൂടിവരവുകളിൽ, തിരുവത്താഴത്തിന്റെ സന്ദർഭങ്ങൾ, സ്നാനപ്പെടാൻ പോകുന്ന വ്യക്തികൾ വിവാഹിതരാകാൻ പോകുന്നവർ (വിവാഹ ദിവസം) വെള്ളവസ്ത്രം നിർബന്ധമായി ഉപയോഗിച്ചിരുന്നു. ഇന്ന് പെന്തക്കോസ്തുകാരിൽ ബഹുഭൂരിപക്ഷവും ഈ രീതി ഉപേക്ഷിച്ചിരിക്കുന്നു. വെള്ളവസ്ത്രം ധരിക്കാരിതിക്കുന്നതും, കളർ വസ്ത്രം ധരിക്കുന്നതും പാപമാണെന്നോ, തെറ്റാണെന്നോ ഞാൻ ഇവിടെ എഴുതാനാഗ്രഹിക്കുന്നില്ല. എങ്കിലും അത് നമ്മുടെ ഒരു ഐഡന്റിറ്റി ആയിരുന്നു. ഇതേ അവസരത്തിൽ തന്നെ ഇതര ക്രൈസ്തവസഭകളിലും, മതങ്ങളിലും പ്രത്യേക വസ്ത്രധാരണം നിർബന്ധമാണെന്ന കാര്യം നാം മറക്കരുത്. ഇവർ ആരും തന്നെ ഇതുവരെയും തങ്ങളുടെ വസ്ത്രധാരണ രീതി മാറ്റിയതായി കാണുന്നില്ല. ഉദാഹരണമായി ഇൻഡ്യയുടെ മുൻപ്രസിഡന്റായിരുന്ന ശ്രീമതി പ്രതിഭാ പാട്ടീൽ ഉന്നതസ്ഥാനത്ത് എത്തിയപ്പോഴും ശിരോവസ്ത്രം അണിയുന്ന രീതിയ്ക്ക് മാറ്റം വരുത്തിയിരുന്നില്ല. ഒരു പക്ഷേ തന്റെ മതത്തിന്റേയോ, ജാതിയുടെയോ ആചാരമര്യാദയുടെ ഭാഗമായി ശീലിച്ചിരുന്നത് ആയിരിക്കണം. ഇൻഡ്യയിൽ പെന്തക്കോസ്തുകാരിൽ തെക്കൻ സംസ്ഥാനങ്ങളിൽ വിശേഷിച്ചും, കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നി സംസ്ഥാനങ്ങളിൽ മാത്രമാണ് ഈ എഴുതപ്പെടാത്ത വസ്ത്രനിയമം നിലവിൽ ഉണ്ടായിരുന്നത്. ആഭരണം ധരിക്കാതിരിക്കുന്നത് വിശുദ്ധിയുടെ ഭാഗമായ് നമ്മുടെ സമൂഹം കണ്ടിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് പെന്തക്കോസ്തുകാർ ഇതെല്ലാം ഉപയോഗിച്ച് തുടങ്ങിയിരിക്കുന്നു. ആധുനിക കാലത്തെ ആഭരണത്തോടുള്ള മനുഷ്യന്റെ താല്പര്യം നിമിത്തമുള്ള സാമൂഹ്യപ്രശ്നങ്ങളും, വിപത്തുകളും തിരിച്ചറിയാൻ സാധിച്ചാൽ തന്നെ ആഭരണ ധാരണം ശരിയോ, തെറ്റോ എന്ന് വിലയിരുത്താൻ കഴിയും.

സഭകളിൽ വച്ച് നടക്കുന്ന വെള്ളിയാഴ്ച്ചതോറുമുള്ള ഉപവാസ പ്രാർത്ഥനകൾ പൊതുസഭയുടെ ഒരു ജീവനാഡിയായിരുന്നു. ഇന്ന് സഭകളിൽ വെള്ളിയാഴ്ച്ചത്തെ ഉപവാസം വീടുകളിലേക്ക് മാറ്റിയിരിക്കുന്നു. മാസത്തിന്റെ ഒടുവിൽ മൂന്ന് ദിവസം വീതം നടത്തിയിരുന്ന ഉപവാസ പ്രാർത്ഥനയുടെ സ്ഥിതിയും ഇന്ന് ഏതാണ്ട് ഈ നിലയിലേക്ക് മാറിയിരിക്കുകയാണ്. ഇതിന് പകരമായ് വർഷത്തിലൊരിക്കൽ 21, 40 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന മെഗാ ഉപവാസപരമ്പരകൾ ആഘോഷപരമായി നടത്തുന്നു. ഒരു സെറ്റ് ഉപവാസത്തിന് 30000 മുതൽ ലക്ഷത്തിന് മുകളിൽ വരെയാണ് ചെലവ്. ഒരിക്കൽ ഒരു ശുശ്രൂഷകൻ പറയുന്നത് കേട്ടത് ഇങ്ങനെയാണ്: നാല്പതിനായിരം രൂപ ചിലവാക്കി ഒരു ഉപവാസം നടത്തിയാൽ തീരുമ്പോ ഴത്തേക്ക് എല്ലാം കഴിഞ്ഞ് ഒരു ലക്ഷം രൂപയെങ്കിലും ബാക്കി കിട്ടും. ഒരിക്കൽ ഒരു ഉപവാസ പ്രാർത്ഥനയിൽ ശുശ്രൂഷിക്കാൻ എനിക്ക് അവസരം ലഭിച്ചപ്പോൾ എത്ര പേർ പൂർണ്ണമായി ഉപവസിക്കുന്നു എന്ന് ഞാൻ ചോദിച്ചു. സംഘാടകൻ ഉൾപ്പെടെ ആരുടേയും കൈ ഉയർന്ന് കണ്ടില്ല. കാരണം ഇന്ന് ഉപവാസപ്രാർത്ഥനകൾ ഒരു ഉത്സവവേദിയാക്കിയും പണം ഉണ്ടാക്കുവാനുള്ള ജൽപ്പനമായി ചിലർ മാറ്റിയിരിക്കുന്നു. ഇതെഴുമ്പോൾ സത്യസന്ധമായും ആത്മാർത്ഥമായും ഉപവസിച്ച് പ്രാർത്ഥിക്കുന്നവരേയും അത് സംഘടിപ്പിക്കുന്നവരേയും പൂർണ്ണമായും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു.

ആരാധനാലയങ്ങളിൽ ഞായറാഴ്ച്ചത്തെ കൂട്ടായ്മകൾ മാത്രമാണ് ഇപ്പോൾ നടന്നു വരുന്നത്. ലക്ഷങ്ങളും കോടികളും മുടക്കി പണിയുന്ന ആരാധനാലയങ്ങൾ കേവലം ഞായറാഴ്ച്ചത്തെ രണ്ടോ, മൂന്നോ മണിക്കൂർ മാത്രം ഉപയോഗിക്കാനുള്ള ഒരു കെട്ടിടമായി മാറ്റിയിരിക്കുന്നു. ഇതര സമുദായങ്ങളെയും, മതസ്ഥരേയും നാം കണ്ട് മനസിലാക്കണം. ആരാധാനാലയങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിന്റെ ആഭിഭാജ്യഘടകമായി മാറിയിരിക്കുന്നു. രാത്രിയും പകലും വ്യത്യാസമില്ലാതെ ആബാലവൃദ്ധ ജനങ്ങളും തങ്ങളുടെ ആരാധനാലയങ്ങളെ വളരെ ഭക്തിയോടെ നോക്കി കാണുകയും, അവിടെ തന്നെ ചെന്ന് ആരാധിക്കാൻ താല്പര്യപ്പെടുന്നതും നാം കണ്ട് പഠിക്കേണ്ടതാണ്.

ഇന്ന് നമ്മുടെ കൺവൻഷൻ വേദികളിലും മാറുന്ന പെന്തക്കോസ്തിന്റെ രൂപം കാണാൻ സാധിക്കും. ദീർഘ മൈലുകൾ കാൽനടയായി പോയി പണ്ട് കാലങ്ങളിൽ കൺവൻഷനുകൾ കൂടിയിരുന്നു. ഇന്ന് സ്വന്തം വാഹനങ്ങൾക്ക് പുറമേ, സംഘാടകർ ക്രമീകരിക്കുന്ന വാഹനങ്ങൾ ഉണ്ടായിട്ടും പെന്തക്കോസ്തുകാർ കൺവൻഷനുകൾക്ക് പോകാൻ മടിക്കുന്നു. കൺവൻഷൻ വേദികളിൽ സുവിശേഷ പ്രസംഗത്തിന് പകരം അനുബന്ധ പ്രസംഗങ്ങൾക്ക് വഴിമാറിക്കൊടുക്കുന്നു. ഇതര സമുദായസ്ഥരും, മതങ്ങളും തങ്ങളുടെ പൊതുയോഗങ്ങളിൽ വളരെ താല്പര്യത്തോട് പങ്കെടുക്കുമ്പോൾ നമുക്ക് എന്തു സംഭവിച്ചു എന്ന് തിരിച്ചറിയേണ്ടതാണ്. പണ്ട് കൺവൻഷൻ വേദികളിൽ വചന ശുശ്രൂഷ ഒരു പ്രധാന വിഷയമായിരുന്നു എങ്കിൽ ഇന്ന് ആൾ ദൈവങ്ങളെ എഴുന്നെള്ളിക്കുന്ന വേദികളായി അവയെ മാറ്റിയിരിക്കുന്നു. അത്ഭുതങ്ങളും, രോഗശാന്തിയും നടക്കുന്ന വേദികളിൽ കൺവൻഷന്റെ ചെലവിന്റെ പേര് പറഞ്ഞ് ജനത്തിന്റെ കൈയ്യിൽ നിന്നും പണം പിരിക്കുവാനുള്ള തത്രപാടിനിടയിൽ, പ്രസംഗത്തിൽ ഉയർത്തികാട്ടുന്ന അത്ഭുത ദൈവത്തെ അപമാനിക്കുന്നതും നിത്യകാഴ്ചയായി തീർന്നിരിക്കുന്നു.

അനുഭവ പരിചയത്തിന്റെ പിൻബലത്തിൽ കൂടിയാണ് ദൈവവിളിയുള്ള ഒരുവനെ പൊതുശുശ്രൂഷാ വേദിയിൽ നാം ആവസരം നല്കിയിരുന്നത്. ഇന്ന് സ്കൂൾ, കോളേജ് വിദ്യാഭ്യാസാനന്തരം ശുശ്രൂഷകരായി ഇറങ്ങുന്നവർ തങ്ങൾക്ക് കിട്ടിയ പ്രത്യേക വെളിപ്പാട്, പുതിയ വെളിപ്പാട് എന്ന പേരിൽ, വചനവിരുദ്ധമായതെല്ലാം പറഞ്ഞ് ജനത്തെ കേൾപ്പിക്കുന്നു. തത്ഫലമായി പെന്തക്കോസ്തുകാർ ഉയർത്തിപിടിച്ചിരുന്ന ഉപദേശവിഷയങ്ങൾ ആധുനിക പെന്തക്കോസ്തു സമൂഹത്തിന് അന്യം നിന്നിരിക്കുന്നു.

മുകളിൽ കുറിക്കപ്പെട്ട വിഷയങ്ങളൊന്നും പെന്തക്കോസ്തിന്റെ ലിഖിതങ്ങളായ ഉപദേശ വിഷയങ്ങളല്ല. എങ്കിലും നമ്മെ സമൂഹത്തിൽ നിന്നും വേർതിരിച്ച് നിർത്തിയിരുന്ന ചില ഈ വിഷയങ്ങൾ ഉന്നതമായ ആത്മീയ മൂല്യങ്ങൾ തന്നെയായിരുന്നു. കാരണം ഇങ്ങനെയെല്ലാം പാലിച്ചിരുന്ന നമ്മുടെ പിതാക്കന്മാരോ, വിശ്വാസികളോ ആരും തന്നെ മുടിഞ്ഞ് പോയിട്ടില്ല. അവരുടെ പിൻതലമുറക്കാരായ നാമും അനുഗ്രഹിക്കപ്പെടുക മാത്രമാണ് ചെയ്തിട്ടുള്ളത്.

സമൂഹത്തെ ഭയപ്പെടുന്നതുകൊണ്ട് മാത്രമാണ് ഇന്ന് പെന്തക്കോസ്തുകാർ ഞായറാഴ്ച്ച യെങ്കിലും കഷ്ടിച്ച് ആരാധനയ്ക്ക് പോകുന്നത്. നമ്മുടെ ജീവിതത്തിന് കാലോചിതമായ മാറ്റം അനിവാര്യമാണ്. മാറ്റങ്ങളെ നാം ഉൾക്കൊള്ളേണ്ടതാണ്. എന്നാൽ ജീവിത വിശുദ്ധിയുടെ വിഷയത്തിലും, വിശ്വാസപ്രമാണത്തിന്റെ വിഷയത്തിലും മാറ്റങ്ങൾ സംഭവിക്കാൻ പാടില്ല. അതിന്റെ മാറ്റ് കൂടുക മാത്രമാണ് വേണ്ടത്.

**പുതിയ പാട്ട്**

**പാസ്റ്റർ ജേക്കബ് പീരുമേട്**



പടക്കൂ"ത്തിൻനേരെ പായും
പരാക്രമശാലിയാക്കി
അബ്ബാ, പിതാവേ എന്നെയും
അഭിഷേകം ചെയ്യണമേ - 2 -

ശക്തി ശക്തി പുതു ശക്തി
പരിശുദ്ധാത്മ ശക്തി തരിക - 2 -

നിന്ദിച്ച ഫെലിസ്ത്യനെ ജയിച്ച
തോട്ടിലെ കല്ലുപോലെ
മിനുക്കേണമേ നീ എന്നെയും
ഉണങ്ങുമൊരായുധമായ് - 2 - (ശക്തി)

മിദ്യാന്യ കൂടാരം തകർത്ത
യവയപ്പം പോലെ
ഒരുക്കേണമേ നീ എന്നെയും
കൃപയുടെ തീ ജ്വാലയാൽ - 2 - (ശക്തി)

മിസ്രയിം സർപ്പങ്ങളെ വിഴുങ്ങും
അത്ഭുത വടിപോലെ
അലങ്കരിക്കേണമേ എന്നെയും
അധികാര ശുശ്രൂഷയാൽ - 2 - (ശക്തി)



റവ. കെ.ജി ഈശോ
(സോൾ വിന്നേഴ്സ് ഇൻഡ്യാ,
(പ്രസിഡന്റ്)

# പക്ഷികളും മൃഗങ്ങളും മത്സ്യങ്ങളും ദൈവത്തെ അനുസരിക്കുന്നു

ദൈവഭക്തനും ദോഷം വിട്ടകലുന്നവനും നിഷ്കളങ്കനും നേരുള്ളവനും ആയ ഇയ്യോബിനെ പരീക്ഷിക്കുവാൻ ദൈവം അവനെ സാത്താന്റെ കൈയ്യിൽ ഏല്പിച്ചു. വിവിധ കഷ്ടങ്ങൾ സഹിച്ചു. പുത്രന്മാരും പുത്രിമാരും മൃഗസമ്പത്തും എല്ലാം നഷ്ടപ്പെട്ടു. ശരീരമാസകലം വ്രണം കൊണ്ടു നിറഞ്ഞു. ഓട്ടു കഷണം കൊണ്ട് ചുരണ്ടി ചാരത്തിലിരുന്നു. ബന്ധുജനങ്ങളും സ്വന്തം ഭാര്യയും സ്നേഹിതരും വിരോധമായി സംസാരിച്ചു. തങ്ങളെത്തന്നെ നീതീകരിച്ച് ഇയ്യോബിന്റെ വാക്കുകളെ അഗണ്യമാക്കി സംസാരിക്കുകയും നിസ്സാരനും പാപിയുമാക്കി സ്ഥാപിച്ചപ്പോൾ മറുപടിയായി ഇയ്യോബ് പറയുകയുകയാണ് മൃഗങ്ങളോട് ചോദിക്ക അവ നിന്നെ ഉപദേശിക്കും. ആകാശത്തിലെ പക്ഷികളോടു ചോദിക്ക അവ നിനക്കു പറഞ്ഞുതരും. ഭൂമിയോടു സംഭാഷിയ്ക്ക അതു നിന്നെ ഉപദേശിക്കും. സമുദ്രത്തിലെ മത്സ്യം നിന്നോടു വിവരിക്കും (ഇയ്യോ. 12:7).

മിക്ക സ്ഥലങ്ങളിലും അനുസരണം എന്ന വിഷയത്തെ ആസ്പദമാക്കി ഞാൻ സംസാരിക്കാറുണ്ട്.

1 ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസിനെക്കാളും നല്ലത് (1 ശമു. 15:22). ദൈവം പറഞ്ഞതുപോലെ സകല അമാലേക്യരേയും അവരുടെ രാജാവായ ഓഗിനെയും കുഞ്ഞുകുട്ടികൾ, മൃഗങ്ങൾ എന്നുവേണ്ട സകലത്തെയും ഉന്മൂല നാശം വരുത്തുവാൻ ശൗലിനോട് പ്രവാചകനായ ശമുവേൽ മുഖാന്തിരം അറിയിച്ചപ്പോൾ ശൗൽ അതു ചെയ്തു. പക്ഷേ തന്റെ ബുദ്ധി പ്രയോഗിച്ച് ദൈവപ്രസാദം നേടുവാൻ മൃഗങ്ങളിൽ ചിലതിനെ ബലികഴിക്കുവാൻ ശേഷിപ്പിച്ചു കൊണ്ടുവന്നു. അതു ദൈവത്തിന് ഇഷ്ടമായില്ല. നമ്മുടെ ബുദ്ധിയും കഴിവും തന്ത്രങ്ങളും ഒക്കെ പ്രയോഗിച്ച് ദൈവപ്രസാദം ലഭിക്കും എന്നു കരുതി പലരും പലതും ചെയ്യാറുണ്ട്. ദൈവേഷ്ടം നിർവ്വഹിക്കാത്തതുമൂലം ദൈവം അവനെ രാജസ്ഥാനത്തു നിന്നും മാറ്റി. നമ്മുടെ ജീവിതത്തിലെ പല നഷ്ടങ്ങൾക്കും കാരണം നാം ദൈവകല്പന പൂർണ്ണമായി അനുസരിക്കാത്തതാണ് (1 ശമു. 15:24).

2 ദൈവകല്പന അനുസരിച്ചാൽ കിട്ടുന്ന വിവിധമായ നന്മകളെപ്പറ്റി ആവ. 28:1-14 വരെ പറയുമ്പോൾ ദൈവകല്പന അനുസരിക്കാത്തതുമൂലം ഉണ്ടാകുന്ന നഷ്ടങ്ങളെയും ബാധകളെയും പറ്റി ആവ. 28:15-50 വരെയുള്ള വാക്യങ്ങളിൽ കാണാം.

3 സദൃ. 3:1-2 വാക്യങ്ങൾ വായിച്ചാൽ ദീർഘായുസ്സും സമാധാനവും കിട്ടാനുള്ള മരുന്നാണ് കല്പന അനുസരിക്കുക എന്നത്, "മകനെ എന്റെ ഉപദേശം മറക്കരുത്, നിന്റെ ഹൃദയം എന്റെ കല്പനകളെ കാത്തുകൊള്ളട്ടെ. അവ ദീർഘായുസ്സും ജീവകാലവും സമാധാനവും നിനക്കു വർദ്ധിപ്പിച്ചു തരും"

4 തലമുറകൾ അനുഗ്രഹിക്കപ്പെടാനുള്ള മരുന്നാണ് കല്പന അനുസരിക്കുക എന്നുള്ളത്. നീ എന്റെ വാക്ക് അനുസരിക്കകൊണ്ട് നിന്റെ സന്തതി ഭൂതലത്തിലുള്ള സകല ജാതികളിലും അനുഗ്രഹിക്കപ്പെടും (ഉല്പ. 22:16-19). നിരവധി കാര്യങ്ങൾ ഈ അനുസരണത്തെപ്പറ്റി പറയാനുണ്ട്. ഒരു വാക്കിൽ പറഞ്ഞാൽ നിനക്കു സകല നന്മകളും ലഭിക്കുവാനും നിന്റെ വീടും വയലും മൃഗങ്ങളും അനുഗ്രഹിക്കപ്പെടാനും മറ്റൊന്നും ചെയ്യേണ്ടാ. സമ്പാദിച്ചു കൂട്ടുവാൻ ശ്രമിക്കേണ്ട. കല്പന അനുസരിക്കുക. സമാധാനവും ദീർഘായുസും നമുക്കു ലഭിക്കും. മറിച്ചോ അവന്റെ കല്പനകൾ പ്രമാണിക്കാതിരുന്നാൽ ഈ പറഞ്ഞ അനുഗ്രഹങ്ങൾ ലഭിക്കുകയില്ലെന്നു മാത്രമല്ല വിവിധ നഷ്ടങ്ങൾ, കഷ്ടങ്ങൾ, വേദനകൾ മുതലായവ അനുഭവിക്കേണ്ടിവരും.

5 യോഹ. 2:5 പ്രത്യേകം ശ്രദ്ധേയമത്രേ. വീഞ്ഞു തീർന്നുപോയ കാനാവിലെ കല്യാണവിരുന്നിൽ പരിഭ്രാന്തരായ വീട്ടുകാരോടായി മറ്റുള്ളവരുടെ മുമ്പാകെ പരിഹാസ്യമാകാതിരിക്കേണ്ടതിന് യേശുവിന്റെ അമ്മ മറിയ, അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ. അവർ യേശു പറഞ്ഞതുപോലെ കൽപാത്രങ്ങളിൽ വെള്ളം നിറച്ചു. അനുസരിച്ചപ്പോൾ ഒരു മഹാത്ഭുതം നടന്നു. അതായത് വെള്ളം വീഞ്ഞായിതീർന്നു.

പ്രിയ സ്നേഹിതാ, നീ നിരാശപ്പെടേണ്ടാ. ജീവിത ക്ലേശങ്ങളുടെയും ആവശ്യങ്ങളുടെയും മദ്ധ്യേ പരിഭ്രാന്തനാകേണ്ട ആവശ്യമില്ല. മറിച്ച് ദൈവസന്നിധിയിൽ മുട്ടുകുത്താം, അവനോട് കാര്യം പറയാം. അപ്പോൾ അവൻ കല്പിക്കുന്നത് ചെയ്യുക. നാളത്തേക്കു മാറ്റി വയ്ക്കേണ്ട. ഇപ്പോഴാകുന്നു രക്ഷാ ദിവസം. ഈ നിമിഷം തന്നെ നിന്റെ രോഗം മാറും കുഞ്ഞുങ്ങളുടെ ആവശ്യം നിറവേറും നിന്റെ ശുശ്രൂഷ അനുഗ്രഹിക്കപ്പെടും. അവൻ പറയുന്നത് അനുസരിക്കാം.

6 നയമാൻ, ഏലീശ പറഞ്ഞത് അതേപടി അനുസരിച്ചപ്പോൾ അവന്റെ കുഷ്ഠം മാറി അഥവാ അവനെ നാണം കെടുത്തികൊണ്ടിരുന്ന രോഗം മാറി. അവൻ സൗഖ്യമുള്ളവനായി. ഏഴു പ്രാവശ്യം യോർദ്ദാനിൽ മുങ്ങുവാൻ കർത്താവു പറയുന്നു അഥവാ നിന്റെ ആത്മാവോടു പരിശുദ്ധാത്മാവ് പറയുന്നു. ദൈവവചനം പറയുന്നത്, കർത്താവിന്റെ ദാസന്മാർ പറയുന്നത് അംഗീകരിച്ച് അതു ചെയ്താൽ സൗഖ്യം നിശ്ചയം (2 രാജാ. 5:14). ഈ അനുസരണം അഥവാ ആത്മാക്കളെ രക്ഷിക്കുക എന്ന വിഷയത്തിൽ പക്ഷികളും മൃഗങ്ങളും മത്സ്യങ്ങളും എന്ത് ചെയ്തതെന്നു നോക്കാം.

## അനുസരിക്കുന്ന പക്ഷി

കാക്ക അവനു രാവിലെയും വൈകുന്നേരവും അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുക്കും (1 രാജാ. 17:6). എന്തിനാണു കാക്കേ നീ ഇങ്ങനെ ചെയ്യുന്നതെന്നു ചോദിച്ചാൽ അതിന് ഞാൻ അനുസരിക്കുകയാണെന്നായിരിക്കും മറുപടി.

യഹോവയുടെ കല്പനപ്രകാരം ഏലീയാവു (പ്രവാചകൻ) ആഹാബിനോടു പറഞ്ഞു ഞാൻ സേവിച്ചു നില്ക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണെ ഞാൻ പറഞ്ഞല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല. പിന്നെ അവന് യഹോവയുടെ അരുളപ്പാട് ഉണ്ടായതെന്തെന്നാൽ നീ ഇവിടെനിന്നും പുറപ്പെട്ടു കിഴക്കോട്ടു ചെന്നു യോർദ്ധാനു കിഴക്കുള്ള കെരീത്തു തോട്ടിന്നരികെ ഒളിച്ചിരിക്ക. തോട്ടിൽ നിന്നു കുടിച്ചുകൊള്ളേണം. അവിടെ നിനക്ക് തരേണ്ടതിന് ഞാൻ കാക്കയോടു കല്പിച്ചിട്ടുണ്ട്. കാക്ക അവന് രാവിലെ അപ്പവും ഇറച്ചിയും വൈകുന്നേരത്ത് അപ്പവും ഇറച്ചിയും കൊണ്ടുവന്നു കൊടുക്കും (1 രാജാ. 17:8).

ഒരു വൃത്തികെട്ട പക്ഷിയോടാണ് ദൈവം കല്പിക്കുന്നത്. ദൈവത്തിന് വേറെ നല്ല പക്ഷികളോട് കല്പിക്കാൻ അറിയാഞ്ഞിട്ടാണോ? അത് അവന്റെ ഇഷ്ടമാണ്. നമ്മുടെ ഇഷ്ടമല്ലല്ലോ ദൈവയിഷ്ടം. നമ്മുടെ വിചാരമല്ലല്ലോ ദൈവത്തിന്റെ വിചാരം. തനിക്കു മനസ്സുള്ളവരോട് അവന് കരുണ തോന്നുന്നു. തനിക്കു മനസ്സുള്ളവനെ അവൻ കഠിനനാക്കുന്നു (റോമ. 9:18). ദൈവത്തിന്റെ പദ്ധതികളെ ചോദ്യം ചെയ്യാൻ കാണികളായ നമുക്ക് അവകാശമില്ല. താണ വർക്ഷത്തിൽ പെട്ടവർ വിശ്വാസത്തിലേക്കു വരുന്നത് ശ്രേഷ്ഠന്മാരെന്നു കരുതുന്ന ചിലർ മനസ്സിലാക്കേണ്ടത് ഈ കാക്കയ്ക്കും സമുദായവും സംഘടനയും ഒക്കെ കാണും. അവയും കൂട്ടമായി സഞ്ചരിക്കുകയും ഒത്തു ജീവിക്കുകയും ചെയ്യുന്നവരാണ്. എന്റെ ഒരു ഭാവനയിൽ പറഞ്ഞാൽ ചില കാക്കകൾ വിവാഹത്തിനു സംബന്ധിപ്പാൻ പോയി എന്നു കരുതുക. അവരുടെ മദ്ധ്യത്തിൽനിന്നും ഇപ്പോൾ ഒരു കാക്കയെ മാത്രം ദൈവം വിളിച്ചു. അങ്ങനെ ഒരു കാക്ക കർത്താവു പറയുന്നതു കേൾക്കാനും അനുസരിപ്പാനും മുമ്പോട്ടു വന്നു. ആ സന്ദർഭത്തിൽ മറ്റു കാക്കകൾ ഒരു പക്ഷേ ചോദിച്ചു എന്നു സങ്കൽപ്പിക്കുക. നീ ഇപ്പോൾ എവിടെ പോകുന്നു. എടാ, മണ്ടാ ഈ വിവാഹചടങ്ങ് അഥവാ കോളേജിലെ വിദ്യാഭ്യാസം കഴിഞ്ഞിട്ടു പോയാൽ മതി. ഈ കാക്ക പറയുന്ന മറുപടി എന്തായെന്നു ഊഹിക്കാവുന്നതേയുള്ളു. സ്നേഹിതരേ, ബന്ധുമിത്രാദികളേ, നിങ്ങൾക്കാർക്കും ലഭിക്കാത്ത ഒരു നല്ല സന്ദർഭം ദൈവം എനിക്കു നല്കി. അതായത് സ്വർക്ഷത്തിനും ഭൂമിയ്ക്കും നാഥനും സകല ചരാചരങ്ങളുടെ സൃഷ്ടിതാവും ദൈവവുമായവനെ എന്റെ സ്വന്തകണ്ണാൽ കാണുവാനും സ്വന്ത ചെവികൊണ്ടു കേൾക്കുവാനും ഈ സാധുവിനു ഭാഗ്യം ലഭിച്ചു. ഈ തേജോമയനായ ദൈവം പറയുന്നത് ഞാൻ അനുസരിക്കും. നിങ്ങൾ എന്തെല്ലാം ആക്ഷേപം വേണമെങ്കിലും പറഞ്ഞോളൂ. ഇതാ ഞാൻ അവനെ അനുസരിക്കാൻ അഥവാ ഏലിയാവിനു എവിടെനിന്ന് അപ്പവും ഇറച്ചിയും കിട്ടുമെന്നു തിരക്കിപോകുകയാണ്. ഈ ക്ഷാമകാലത്ത് എവിടെ നിന്ന് അപ്പവും ഇറച്ചിയും കിട്ടും? കാക്കയ്ക്കു അങ്ങനെ സംശയം ഉളവാക്കുന്ന, നിരാശപ്പെടുത്തുന്ന ചിന്തകളുണ്ടായാൽ തന്നെയും അത് ദൈവകല്പനയെ ചോദ്യം ചെയ്യാതെ അനുസരിക്കാൻ ബദ്ധപ്പെടുകയാണ്. ഒരു പക്ഷേ രാജകൊട്ടാരത്തിൽ മാത്രമാണ് ആഹാരം ഉള്ളത്. ബുദ്ധിമാനായ കാക്ക ആ കൊട്ടാരത്തിന്റെ അടുക്കളയുടെ ജനലിന്റെ അടുത്ത് നിശബ്ദമായി നിന്നു. രാജ്ഞി ഉണ്ടാക്കിയ അപ്പവും ഇറച്ചിയും, അവൾ രാജാവിനെ ഭക്ഷണത്തിനു ക്ഷണിക്കാൻ പോയ സന്ദർഭത്തിൽ കൊത്തിയെടുത്ത് തിരിച്ചും പറക്കുകയാണെന്ന് സങ്കല്പിക്കുക. അങ്ങനെ ദൈവശബ്ദം ഉണ്ടായ സ്വന്തസ്ഥലത്തു കൂടി ഈ കൃപയാകുന്ന അപ്പകഷണവുമായി മുമ്പോട്ടു പറക്കുമ്പോൾ നേരത്തെ കണ്ട കാക്കകൾ ഈ അപ്പകഷണം കണ്ടിട്ടു പറഞ്ഞുകാണും എടാ, മിടുക്കാ നീ ദൈവത്തിന്റെ പേരുപറഞ്ഞു മോഷ്ടിക്കാൻ പോയതല്ലേ. ഈ ക്ഷാമകാലത്ത് നിനക്ക് ഇത് എവിടുന്നു കിട്ടിയെടാ കള്ളാ. കാക്കയ്ക്കു മറുപടി പറയാൻ അറിയാഞ്ഞിട്ടല്ല. സഹോദരാ, ഞാനും ആ പണിക്കാരനായിരുന്നു. നിങ്ങൾ പഠിച്ച സ്ഥലത്താണ് ഞാനും പഠിച്ചത്. നിങ്ങൾ അറിയുന്നവരെ ഞാനും അറിയും എന്നൊക്കെ കാക്കയ്ക്കു മറുപടി പറയാം പക്ഷേ, കാക്ക ഒന്നും മിണ്ടിയില്ല. കാരണം ഇതു മറുപടി പറയേണ്ട സമയമല്ല. ദൈവദാസനു കൊടുക്കേണ്ടുന്ന അപ്പം എന്റെ ചുണ്ടിലിരിക്കുന്നു. ഞാൻ മറുപടി പറയാൻ വായ് തുറന്നാൽ ദൈവകൃപയാകുന്ന അപ്പം താഴെ വീഴും ആ ദൈവഭക്തൻ പട്ടിണി കൊണ്ടു മരിക്കും.

സ്നേഹിതാ ഈ കാക്ക എത്ര ബുദ്ധിയോടും വിവേകത്തോടും ദൈവകൃപയോടും കൂടി ആ ആഹാരം സൂക്ഷിച്ചു. അഥവാ മറ്റൊരുത്തൻ അത് കൊത്തിപ്പറിയ്ക്കാൻ

**പ്രിയ സ്നേഹിതാ, നീ നിരാശപ്പെടേണ്ടാ. ജീവിത ക്ലേശങ്ങളുടെയും ആവശ്യങ്ങളുടെയും മദ്ധ്യേ പരിഭ്രാന്തനാകേണ്ട ആവശ്യമില്ല. മറിച്ച് ദൈവസന്നിധിയിൽ മുട്ടുകുത്താം, അവനോട് കാര്യം പറയാം. അപ്പോൾ അവൻ കല്പിക്കുത് ചെയ്യുക. നാളത്തേക്കു മാറ്റി വയ്ക്കേണ്ട. ഇപ്പോഴാകുന്നു രക്ഷാ ദിവസം. ഈ നിമിഷം തന്നെ നിന്റെ രോഗം മാറും കുഞ്ഞുങ്ങളുടെ ആവശ്യം നിറവേറും നിന്റെ ശുശ്രൂഷ അനുഗ്രഹിക്കപ്പെടും.**



ഇടയാകാതെ കൃത്യസമയത്തു തന്നെ ഏലിയാവിനു കൊണ്ടുകൊടുത്തു. ഇതുപോലെ നമുക്കു തന്നിട്ടുള്ള അനുഗ്രഹങ്ങളെ നന്മകളെ കണ്ടിട്ട് അസൂയാലുക്കളായ ആത്മീകരും ജഡീകന്മാരും നമ്മിൽ നിന്നും അതു തട്ടിക്കളയുവാൻ അഥവാ കൈവശപ്പെടുത്താൻ എന്തെല്ലാം അടവുകൾ പ്രയോഗിക്കും. അവിടെയെല്ലാം ദൈവകൃപ നമുക്കാവശ്യമത്രേ. ഉത്തമഗീതത്തിൽ പറയുന്നു ഞാൻ കറുത്തവളെങ്കിലും കേദാര്യ കൂടാരങ്ങളെപ്പോലെയും ശലോമോന്റെ തിരശ്ശീലകളെപ്പോലെയും അഴകുള്ളവൾ ആകുന്നു (ഉത്ത. 1:5).

സാധുവായ നിന്നെ ദൈവം വിളിച്ചിറക്കിയത് ആത്മാക്കളെ രക്ഷിക്കാനാണ്. നിന്റെ വലിപ്പമോ സൗന്ദര്യമോ വിദ്യാഭ്യാസ യോഗ്യതയോ സമ്പത്തോ കുടുംബശ്രേഷ്ഠതയോ ഒന്നുമല്ല. മറ്റാരും ഇല്ലാഞ്ഞിട്ടുമല്ല. നിരാശപ്പെടുത്തുന്ന വേളകളിലും ഈ ലോകത്തിന്റെ ചൂടടിച്ച് കറുക്കേണ്ടി വന്നപ്പോഴും പ്രതികൂലങ്ങളും രോഗങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവന്നപ്പോഴും എന്റെ കൃപ നിനക്കു മതിയെന്ന് 2 കൊരി. 12:7ൽ പൗലോസിനോടു പറഞ്ഞ ദൈവം നിന്നെയും ബലപ്പെടുത്തി മറ്റനേകർക്ക് ആശ്വാസത്തിനും അനേകരുടെ പ്രാണനെ നിത്യനാശത്തിൽ നിന്നും വീണ്ടെടുപ്പാനുമായിട്ടാണ് വിളിച്ചതെന്ന് ഉറപ്പു വരുത്തി നമുക്ക് മുന്നോട്ടു പോകാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

**ലോകസ്ഥാപനം മുമ്പെ നമ്മെ രക്ഷിപ്പാൻ ഒരു കുഞ്ഞാട് അറുക്കപ്പെടേണം എന്ന ദൈവീക പദ്ധതിപ്രകാരം യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ വന്നതുപോലെ നശിച്ചു പോകാതെ യോനയെ രക്ഷിപ്പാൻ കർത്താവിനു മനസ്സലിവുണ്ടായി. അവൻ നമ്മുടെ പാപങ്ങൾക്കൊത്തവണ്ണം നമ്മോടു പകരം ചെയ്യുന്നില്ല.**



## അനുസരിക്കുന്ന മത്സ്യം

യോനയെ വിഴുങ്ങേണ്ടതിന് ദൈവം ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു (യോനാ 1:17). കാക്ക (പക്ഷി) ഏലീയാവിന് ആഹാരം കൊടുത്തു പ്രാണൻരക്ഷിച്ചു എന്ന് മുൻ അദ്ധ്യായത്തിൽ നാം കണ്ടു കഴിഞ്ഞു. എന്നാൽ ഇയ്യോബ് 12:7ൽ പിന്നെയും പറയുന്നു, "സമുദ്രത്തിലെ മത്സ്യം നിന്നോടു സംസാരിക്കും" അതായത് അനുസരണം എന്ന വിഷയത്തെക്കുറിച്ചും മരിക്കാൻ പോകുന്ന മനുഷ്യന്റെ പ്രാണനെ എങ്ങനെ രക്ഷിച്ചു എന്നും നമുക്ക് പഠിക്കാം.

യോനാപ്രവാചകനോട് യഹോവയുടെ അരുളപ്പാടുണ്ടായി. നീ പുറപ്പെട്ട് മഹാനഗരമായ നിനവേയ്ക്കു ചെന്ന് അതിനു വിരോധമായി പ്രസംഗിക്ക. അവരുടെ ദുഷ്ടത എന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു.

നോഹയുടെയും ലോത്തിന്റെയും കാലം പോലെ മനുഷ്യപുത്രന്റെ വരവും ആകും. ഉല്പ. 6:1-8 വരെ ശ്രദ്ധിച്ചു വായിച്ചാൽ വീരന്മാരും കീർത്തിപ്പെട്ടവരും ദുഷ്ടന്മാർ, ഹൃദയ നിരൂപണങ്ങൾ ഒക്കെയും ദോഷമുള്ളവരുമായ ഒരു കൂട്ടം ജനത്തെകാണുന്നു. ഇങ്ങനെയുള്ള മനുഷ്യരെ ഉണ്ടാക്കുകകൊണ്ട് ദൈവം അനുതപിച്ചു. തത്ഫലമായി ഭൂമിയെ നശിപ്പിക്കുവാൻ ദൈവം ജലപ്രളയം വരുത്തി. അപ്രകാരം തന്നെ യോനയെ മഹാനഗരമായ നിനവേയിലേക്ക് അയച്ച് അവിടുത്തെ ജനങ്ങളുടെ പാപത്തിനെതിരായി പ്രസംഗിക്കുവാൻ തീരുമാനിച്ചതനുസരിച്ച് യോനയോട് ദൈവം നിനവേയിലേക്കു പോയി അതിനെതിരായി പ്രസംഗിക്കാൻ അരുളിച്ചെയ്തു (യോനാ 1:1-2).

പ്രവാചകനായ യോനാ ദുഷ്ടജനത്തിന്റെ അടുത്തേക്കു പോകുവാൻ വിസമ്മതിച്ച് ദൈവസന്നിധി വിട്ടു പോയി. തർശ്ശീശിലേക്കുള്ള ഒരു കപ്പൽ കണ്ട് കൂലി കൊടുത്ത് അതിൽ കയറി. സ്നേഹിതാ, ദൈവം നിന്നെ അയക്കാൻ താല്പര്യപ്പെടുന്നത് ഒരു കൂട്ടം വിഗ്രാഹാരാധനാക്കാരുടെയും സുവിശേഷം അറിഞ്ഞിട്ടില്ലാത്തവരുടെയും സ്ഥലത്തേക്കാണ്. അവരോട് ചേർന്ന് കുശലപ്രശ്നം നടത്താനോ, രാഷ്ട്രീയം കളിക്കാനോ അല്ല, മറിച്ച് അവരുടെ പാപങ്ങൾക്കെതിരായി പ്രസംഗിപ്പാനെത്രെ. പൗലൊസ് പറയുന്നതുപോലെ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കികൊള്ളുക.

പൗലൊസ് പറയുന്ന വേറൊരു സുവിശേഷം പ്രസംഗിക്കുന്നവർ ദൈവാലോചനയ്ക്കു കീഴ്പെടാത്തവരും പ്രവാചകനെന്നും അപ്പോസ്തലനെന്നും സ്വയം പ്രശംസിക്കുന്നവരുമത്രേ. ആത്മാവോട് ചോദിക്ക, എവിടെ പ്രസംഗിക്കാനാണ്? എന്തു പ്രസംഗിക്കാനാണ്? ദൈവം തിരഞ്ഞെടുത്തത്. നിനവേയ്ക്കെതിരായി പ്രസംഗിക്കാൻ നമുക്കായി ജീവൻതന്ന യേശുവിൽകൂടെയുള്ള രക്ഷയുടെ ദൂതറിയിപ്പാൻ ഈ യോനാച്ചന്റെ കൈയ്യിൽ പൈസായ്ക്കു കുറവുണ്ടായിട്ടല്ല. ദൈവീക ആലോചന ചോദിക്കാതെ യാത്ര അയപ്പു യോഗം നടത്താതെ തന്നെ പെട്ടന്ന് തർശീശിലേക്ക് ടിക്കറ്റ് എടുത്തു. അപ്പോഴും ടിക്കറ്റു കിട്ടിയതിനായ് സ്തോത്രം പറഞ്ഞു കാണും.

ഏതായാലും കരുണയുള്ള ദൈവം നമ്മുടെ അകൃത്യങ്ങൾക്കും പാപങ്ങൾക്കും ഒത്തവണ്ണം തത്സമയം നമ്മെ ശിക്ഷിക്കാതെ തന്റെ കരുണയ്ക്കൊത്തവണ്ണം അകൃത്യങ്ങൾ ക്ഷമിച്ച് നമ്മെ മുമ്പോട്ടു നടത്തുന്നു എന്നു കരുതുക. ഈ ലോകമായ ബോട്ടുയാത്രയിൽ അഥവാ അനുസരണക്കേടുകാണിച്ചുള്ള ഈ യാത്രയിൽ എത്രനാൾ ഇങ്ങനെപോകും എന്ന് ദൈവം മാത്രം അറിയുന്നു. ഇതാ യഹോവ സമുദ്രത്തിൽ കൊടുങ്കാറ്റടിപ്പിക്കാൻ തുടങ്ങി. കപ്പൽ തകരുന്ന രീതിയിൽ കോളിളക്കമുണ്ടായി എല്ലാവരും അവരവരുടെ ദൈവത്തെ വിളിച്ചപേക്ഷിക്കാൻ തുടങ്ങി. യോനയോ കപ്പലിന്റെ അടുത്തട്ടിൽ കിടന്നുറങ്ങുകയായിരുന്നു. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകില്ല എന്നൊരു പഴഞ്ചൊല്ലു കേട്ടിട്ടുണ്ട്. ഈ ഉപദേശിയ്ക്ക് ഇതൊന്നും വലിയ കാര്യമല്ല. തിന്നുക, കുടിക്കുക, ആനന്ദിക്കുക, ഇതാണ് അനേകരുടെ ലക്ഷ്യം.

പെട്ടെന്ന് ചോദ്യവുമായി കപ്പൽപ്രമാണി യോനയെ വിളിച്ചുണർത്തി ഒന്നിനു മീതെ ഒന്നായി ചോദ്യം ചെയ്തു. നിന്റെ തൊഴിലെന്ത്? നീ എവിടെനിന്നു വരുന്നു? നിന്റെ നാട് ഏത്? നീ ഏതു ജാതിക്കാരൻ? ആരുടെ നിമിത്തം അനർത്ഥം നമ്മുടെമേൽ വന്നു എന്നു നീ പറഞ്ഞു തരേണം.

അന്യജാതിക്കാർ ദൈവമക്കളെ കുറ്റംവിധിച്ച് ആക്ഷേപിക്കുന്ന കാലം, സ്നേഹിതാ നീ അതിനു കാരണക്കാരനാണോ? എന്നു ചിന്തിക്കുന്നത് നല്ലതായിരിക്കും. തന്നെ വെള്ളത്തിൽ എറിഞ്ഞുകളയുവാൻ കപ്പൽ അധികൃതരോട് കുറ്റബോധത്തോടെ താൻ ആവശ്യപ്പെട്ടു.

ലോകസ്ഥാപനം മുമ്പെ നമ്മെ രക്ഷിപ്പാൻ ഒരു കുഞ്ഞാട് അറുക്കപ്പെടേണം എന്ന ദൈവീക പദ്ധതിപ്രകാരം യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ വന്നതുപോലെ നശിച്ചു പോകാതെ യോനയെ രക്ഷിപ്പാൻ കർത്താവിനു മനസ്സലിവുണ്ടായി. അവൻ നമ്മുടെ പാപങ്ങൾക്കൊത്തവണ്ണം നമ്മോടു പകരം ചെയ്യുന്നില്ല.

വെള്ളത്തിൽ വീഴുന്ന യോനയെ വിഴുങ്ങുവാൻ ഒരു മത്സ്യത്തെ ദൈവം കല്പിച്ചാക്കിയിരുന്നു. ഏലിയാവിനെ രക്ഷിപ്പാൻ കാക്കയെ കല്പിച്ചാക്കിയിരുന്നതുപോലെ, തിമിംഗലത്തെ സൃഷ്ടിച്ച ദൈവം കൂട്ടമായി സഞ്ചരിക്കുന്ന മത്സ്യക്കൂട്ടത്തിൽ നിന്നും ഒരു മഹാമത്സ്യത്തെ വിടുതലിൽ ശുശ്രൂഷയ്ക്കായി ദൈവം വേർതിരിച്ചു. കൂട്ടമായി സഞ്ചരിക്കുന്ന മത്സ്യങ്ങളെ കണ്ടാൽ ഒരു വലിയ മല ഒഴുകി വരുംപോലെ തോന്നും. മത്സ്യക്കൂട്ടത്തിൽനിന്നും ദൈവം ഒരു മത്സ്യത്തെ മാത്രം വിളിച്ചു. കാക്കയ്ക്കു നേരെയുണ്ടായ ചോദ്യം പോലെയും കാക്ക പറഞ്ഞ ഉത്തരം പോലെയും മറുപടി പറഞ്ഞിട്ട് അതിവേഗം ഈ മഹാമത്സ്യം കപ്പൽ ലക്ഷ്യമാക്കി യാത്രചെയ്തു. ധൃതിയിൽ പോകുന്നതെന്താണെന്നു ആരെങ്കിലും ചോദിച്ചാൽ യോനയെ രക്ഷിപ്പാൻ പോകുകയാണെന്ന മറുപടിയായിരിക്കും മത്സ്യം നല്കുന്നത്.

ഒരു ആത്മാവിനെ നേടുവാൻ മത്സ്യം ചെയ്യുന്ന ശ്രമം നമുക്ക് ഒന്ന് ചിന്തിക്കാമോ? യോന ഒരുപക്ഷേ, മരിച്ചാൽ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും തനിക്ക് ഒഴിയാൻ സാധിക്കില്ല എന്നു മനസ്സിലാക്കി മത്സ്യം യോനയെ ഛർദ്ദിച്ച് കരയിൽ കളയുവാൻ തിടുക്കം കാണിക്കുന്നു. ആത്മാക്കളെ രക്ഷിക്കുന്ന (സോൾ വിന്നേഴ്സ്) ഈ മത്സ്യത്തെ ഓർത്ത് കർത്താവിനെ മഹത്വപ്പെടുത്തുന്നു.

## അനുസരണമുള്ള മൃഗം

കാക്ക ഏലീയാവിനെയും മത്സ്യം യോനയെയും രക്ഷിച്ചവിധം നാം ഒന്നു വിലയിരുത്തേണ്ടതാണ്. തങ്ങൾക്കു നേരെ ഉയർന്ന ചോദ്യങ്ങളെ വകവയ്ക്കാതെ സർവ്വശക്തന്റെ വാക്കനുസരിച്ച് ഏലിയാവിന്റെ പ്രാണനെയും യോനയുടെ പ്രാണനെയും രക്ഷിച്ചവിധം ആവർത്തിച്ചു ചിന്തിക്കുന്നത് നല്ലതായിരിക്കും.

ദാനിയേലിനെ രക്ഷിച്ച സിംഹത്തെപ്പറ്റിയും പഠിക്കുന്നത് ഈ അവസരത്തിൽ നല്ലതായിരിക്കും. വേട്ട നടത്തി ആഹാരം കണ്ടെത്തുവാൻ ഗുഹയിലെ സിംഹങ്ങൾക്ക് സാധിക്കുകയില്ല. ഒരു പക്ഷേ, സിംഹങ്ങൾ ചില ദിവസങ്ങളായി നല്ല ആഹാരത്തിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്ന അവസരത്തിലായിരിക്കാം ഗുഹയിലേക്ക് ദാനിയേൽ വീഴുന്നത്. എന്നാൽ ദാനിയേലിനെ തിന്നുവാൻ ദൈവം സമ്മതിച്ചില്ല.

ദൈവത്തിന്റെ ദാസനെന്ന് കണ്ട് ദൈവീകാലോചനയെ മാനിച്ച് സിംഹം ദാനിയേലിനെ തിന്നുകളഞ്ഞില്ല. അഥവാ ദാനിയേലിന്റെ പ്രാണനെ രക്ഷിച്ചു (ദാനി. 6:23). ബിലയാമിന്റെ കഴുതയും ദൂതൻ നിമിത്തം എത്ര അടിയേറ്റു. കാരണം പ്രവാചകനായ ബിലയാമിനെ മുന്നോട്ടു വിടാതിരിക്കാൻ അഥവാ ദൂതനാൽ ബിലയാം വധിക്കപ്പെടാതിരിക്കേണ്ടതിന് അവന്റെ കഴുത എത്ര ശ്രമിച്ചു. ദൈവത്തിന്റെ ദൂതൻ ബിലയാമിനോട് പറയുകയാണ് കഴുത എന്നെ കണ്ട ഈ മൂന്നു പ്രാവശ്യം എന്റെ മുമ്പിൽ നിന്നു മാറിപ്പോയി. അതു മാറിപ്പോയിരുന്നില്ലായെങ്കിൽ നിന്നെ ഇന്നു തന്നെ കൊന്നുകളയുമായിരുന്നു (സംഖ്യ. 22:23). ബിലെയാമിന്റെ പ്രാണനെ അങ്ങനെ കഴുത രക്ഷിച്ചു.

യെശ. 1:3ൽ പറയുന്നു, കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയും അറിയുന്നു. യിസ്രായേലോ എന്നെ അറിയുന്നില്ല. എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. ഇയ്യോബ് തന്റെ സ്നേഹിതനോടു പറയുന്നത് എത്ര സത്യമാണ് (ഇയ്യോ. 12:7), പക്ഷികളും മൃഗങ്ങളും മത്സ്യവും സൃഷ്ടിതാവായ ദൈവം തങ്ങളോടു കല്പിക്കുന്നത് ചെയതു അനേകരെ മരണത്തിൽ നിന്നു രക്ഷിച്ച് അഥവാ അവരുടെ ആത്മാവിനെ നേടി.

സ്നേഹിതാ നമ്മെത്തന്നെ ഒരു പ്രാവശ്യംകൂടി ശോധന ചെയ്യാം. ഭൂമിയിൽ ഒക്കെയും പോയി സുവിശേഷം അറിയിച്ച് അനേകരെ രക്ഷിക്കുക എന്ന യേശുവിന്റെ ആഹ്വാനം നമ്മോട് ഉള്ളതല്ലേ. നാം ഈ ജീവികളെ കണ്ട് ഉണരേണ്ടവരല്ലേ. കർത്താവു നമ്മെ അതിനു സഹായിക്കട്ടെ.

## കൃതികൾ ക്ഷണിക്കുന്നു

വായനക്കാരിൽ നിന്നും ലേഖനം, അനുഭവസാക്ഷ്യം, ചെറുകഥ, കവിത എന്നിവ ക്ഷണിക്കുന്നു. രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം, രചയിതാക്കളിൽ നിക്ഷിപ്തമാണ്.

## സോൾ വിന്നേഴ്സ് ഇൻഡ്യാ കോഫറൻസ് സമാപിച്ചു

(പേജ് 1 ൽ നിന്ന് തുടർച്ച)

പ്രദേശ്), പാസ്റ്റർ രാമറാവു ഡിഗൽ (ഒറീസ്സ), പാസ്റ്റർ ലാബാ നായിക് (ഒറീസ്സ), പാസ്റ്റർ റിങ്കു നായിക് (ന്യൂഡൽഹി), പാസ്റ്റർ ജീവൻ സാൽവ (മദ്ധ്യപ്രദേശ്) എന്നിവർ തങ്ങളുടെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

എസ്.ഡബ്ല്യൂ.ഐ ഡയറക്ടർ & പ്രസിഡന്റ് റവ. കെ. ജി. ഈശോ പ്രത്യേക സന്ദേശം നല്കി. പുതുതായ് ചേരുവാൻ വ പാസ്റ്റർ തോമസ്. എൻ. മാത്യൂ (ഗുജറാത്ത്), പാസ്റ്റർ പി.എസ്. ജോണി (തമിഴ്നാട്), പാസ്റ്റർ വർഗ്ഗീസ് മാണി (കേരളം) എന്നീ കർതൃദാസന്മാരെ ചെയർപേഴ്സ സദസ്സിന് പരിചയപ്പെടുത്തുകയും എസ്.ഡബ്ല്യൂ.ഐയോട് ചേരുവാനുള്ള താല്പര്യം അവർ പരസ്യമായി പ്രസ്താപിക്കുകയും ചെയ്തു. എസ്.ഡബ്ല്യൂ.ഐയുടെ പുതിയ പ്രവർത്തന പദ്ധതികളെക്കുറിച്ച് നാഷണൽ കോഡിനേറ്ററും ബഥേൽ ബൈബിൾ കോളേജു കളുടെ രജിസ്ട്രാറുമായ റവ. എൻ.ജെ ജേക്കബ് വിവരിച്ചു.

എസ്.ഡബ്ല്യൂ.ഐയുടെ അസോസിയേറ്റ് ഡയറക്ടർ കൂടിയായ സുവി. സന്തോഷ് ഈശോ (ഇൻഡോർ), എസ്.ഡബ്ല്യൂ.ഐ ഇന്റർ നാഷണൽ കോഡിനേറ്ററായ ബ്രദർ ഡാനിയേൽ ഈശോ (അമേരിക്ക) എിവർ സമാപനസന്ദേശങ്ങൾ നല്കി. പാസ്റ്റർ ജോർജ് തോമസ് (ജമ്മുകാശ്മീർ) പ്രാർത്ഥിച്ച് ആശിർവാദത്തോടെ രാത്രി 9 മണിക്ക് യോഗങ്ങൾ സമാപിച്ചു.

## ഗുണപാഠകഥ

# വാരുന്നവനും ദുഃഖിക്കും; വാരാത്തവനും ദുഃഖിക്കും



വൈ. കുഞ്ഞപ്പി, കുടുവഞ്ചേരിൽ

ആത്മാർത്ഥ സുഹൃത്തുക്കളായിരുന്ന രണ്ടുപേർ ഒരിക്കൽ ഒരു വിനോദയാത്ര പോയി. തിരഞ്ഞെടുത്ത സ്ഥങ്ങളിലേക്കായിരുന്നു അവരുടെ യാത്രകൾ. പ്രസിദ്ധമായ സ്ഥലങ്ങൾ, പാർക്കുകൾ, കെട്ടിടങ്ങൾ, നദികൾ, താഴ്വരകൾ, കുന്നുകൾ, പക്ഷിമൃഗശാലകൾ എന്നിങ്ങനെ വിവിധ സ്ഥലങ്ങളിൽ ദിനരാത്രങ്ങൾ സഞ്ചരിച്ചും, പാർത്തും അവർ തങ്ങളുടെ യാത്ര ശരിക്കും ആസ്വദിച്ചു. ഓരോ സ്ഥലങ്ങളിൽ നിന്നും വിടപറയുമ്പോൾ അവിടെ നിന്നും പുതുമയും, കൗതുകവും ഉള്ള വസ്തുക്കൾ അവർ പണം കൊടുത്ത് വാങ്ങി. കൂടാതെ തങ്ങളുടെ മാതാ പിതാക്കൾക്കും, സഹോദരങ്ങൾക്കും, കൂട്ടുകാർക്കുമായി വിവിധ സാധനങ്ങളും അവർ വിലയ്ക്ക് വാങ്ങിവെച്ചിരുന്നു. ഇങ്ങനെ അവരുടെ യാത്രാ വേളയിൽ വളരെ പ്രസിദ്ധമായ ഒരു സ്ഥലത്ത് ഒരു മണൽ കൂനയിൽ ഒരു കാർഡ് ബോർഡിൽ ഇങ്ങനെ എഴുതി വെച്ചിരിക്കുന്നത് കണ്ടു: ഈ മണലിൽ നിന്നും വാരുന്നവനും ദുഃഖിക്കും; വാരാത്തവനും ദുഃഖിക്കും. ഇത് വായിച്ച് വളരെ ആകാംക്ഷഭരിതരും ജിജ്ഞാസഭരിതരുമായ കൂട്ടുകാർ എഴുത്തിന്റെ അർത്ഥം മനസ്സിലാകാതെ വളരെ നിരാശയിലുമായ്. കാരണം അതുവരെ സന്ദർശിച്ച എല്ലാ സ്ഥലങ്ങളിൽ നിന്നും അവർ പണം കൊടുത്താണ് കൗതുകവസ്തുക്കൾ വാങ്ങിയത്. പക്ഷെ ഈ മണലിൽ നിന്നും സൗജന്യമായി അവർക്ക് വാരാം. എന്നാൽ വാരുന്നവനും വാരാത്തവനും ദുഃഖിക്കും. ഏതായാലും വാരിയാലും ദുഃഖിക്കും എന്ന് പറഞ്ഞ് ഒരാൾ അല്പം മണൽ വാരി ഒരു പേപ്പറിൽ പൊതിഞ്ഞ് പോക്കറ്റിൽ ഇട്ട്. ഒരുവൻ വാരിയില്ലെങ്കിലും ദുഃഖിക്കും എന്ന് പറഞ്ഞ് വാരാതെയും പോന്നു. പിന്നെയും ചില ദിവസത്തെ വിനോദസഞ്ചാരത്തിന് ശേഷം ഇരുവരും തങ്ങളുടെ വീടുകളിലേക്ക് മടങ്ങി. യാത്രാവിശേഷങ്ങൾ പങ്കുവയ്ക്കുന്നതിനിടയിൽ വാങ്ങികൊണ്ടുവന്ന കൗതുകവസ്തുക്കളും, മറ്റ് സാധനങ്ങളും എല്ലാവരേയും കാണിച്ചു. ഒടുവിൽ വിശേഷപ്പെട്ട മണൽ കൂനയിൽ നിന്നു വാരിയവൻ അതിന്റെ വിവരണം നടത്തികൊണ്ട് പേപ്പറിൽ പൊതിഞ്ഞ മണൽ തുറന്ന് വീട്ടുകാരെ കാണിച്ചപ്പോൾ മണലിന് പകരം ഒരുപിടി രത്നതരികൾ ഇരിക്കുന്നത് കണ്ട് അമ്പരന്നു. ഇതുകണ്ട് അവൻ ആകെ ദുഃഖത്തിലായി. അയ്യോ! അത് ഏതോ അത്ഭുതസിദ്ധിയുള്ള മണൽ കൂന ആയിരുന്നു ഞാൻ കുറേക്കൂടി വാരിയിരുന്നെങ്കിൽ എന്ന് പറഞ്ഞ് അവൻ വളരെ ദുഃഖിച്ചു. ഇതറിഞ്ഞ മറ്റേകൂട്ടുകാരൻ നിനക്ക് കുറച്ചെങ്കിലും വാരാൻ കിട്ടിയല്ലോ എനിക്ക് അല്പം പോലും എടുക്കാൻകഴിഞ്ഞില്ലല്ലോ എന്ന് പറഞ്ഞ് വളരെ ദുഃഖിച്ചു. അങ്ങനെ വാരിയവനും വാരാത്തവനും ഒരുപോലെ ദുഃഖിച്ചു.

അതേ ലോകത്തിന്റെ എല്ലാ നന്മകളും ഈ മാനദണ്ഡത്തിൽ അടിസ്ഥാനപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ദൈവത്തിൽ നിന്നുള്ള ഏതൊരു നന്മയും, അത് ശാശ്വതവും, പൂർണ്ണത ഉള്ളതും, സന്തോഷം തരുന്നതുമാണ്. ദൈവത്തിന്റെ വചനം പറയുന്നു ഞാൻ നിങ്ങൾക്ക് സമാധാനം തരുന്നു. അത് ലോകം തരുന്നതുപോലെയല്ല.

യെരുശലേം ദേവാലയത്തിന്റെ വാതിൽക്കൽ ഭിക്ഷാടനത്തിരുന്ന കുരുടനായ യാചകൻ പത്രോസിനോടും കൂട്ടരോടും ഭിക്ഷ യാചിച്ചു. പത്രോസ് ഭിക്ഷ കൊടുക്കുന്നതിന് പകരം യേശുവിന്റെ നാമത്തിൽ അവന് സൗഖ്യം കൊടുത്തു. ഒരുപക്ഷെ പത്രോസ് ഭിക്ഷകൊടുത്തിരുന്നു എങ്കിൽ കുറച്ചു സമയത്തെ സന്തോഷത്തിനും ശേഷം വീണ്ടും ദുഃഖിക്കേണ്ടി വരികയും ഭിക്ഷാടനം തന്നെ ചെയ്തു ജീവിതകാലം മുഴുവൻ കഴിയേണ്ടി വരുമായിരുന്നു. എന്നാൽ ദൈവകൃപയിൽ നിന്ന് അല്പം വാരിയെടുത്തപ്പോൾ യേശുവിലൂടെയുള്ള സൗഖ്യം അവന് സദാ സന്തോഷിക്കുവാൻ വക നല്കുന്നതാക്കിതീർത്തു.

# സത്യം എത്ര ദൂരെ?



എങ്ങനെയുണ്ടായിരുന്നു എന്റെ പ്രസംഗം?" വേദിയിൽനിന്ന് ഇറങ്ങിയ ഉടൻ യുവാവ് തന്റെ പരിശീലകനോടു ചോദിച്ചു. 'ജനത്തിന് ഇഷ്ടമായി, എനിക്ക് ഇഷ്ടമായില്ല'" അദ്ദേഹം മറുപടി പറഞ്ഞു. 'ങേ... അതെന്താ?' 'നീ ജനത്തിന് ഇഷ്ടപ്പെടുന്ന വിധം പറഞ്ഞു. പക്ഷേ ജനത്തിനു വേണ്ടത് പറഞ്ഞില്ല' അദ്ദേഹം പറഞ്ഞു. 'എനിക്കു മനസിലായില്ല' യുവാവ് സങ്കടത്തോടെ പ്രതികരിച്ചു. 'പറയേണ്ടത് പറയാനായി നീ ധാരാളം ഉപമകളും, തമാശകളും ഉപയോഗിച്ചു. ജനം കേട്ടതും രസിച്ചതും അവരുടെ മനസ്സിൽ പതിഞ്ഞതും ആ തമാശകൾ മാത്രം... അവർ കൈയ്യടിച്ചു. പക്ഷേ അതിനിടയിൽ നീ കൊടുത്ത സന്ദേശം അവരുടെ മനസ്സിൽ തങ്ങിയതുമില്ല' അദ്ദേഹം വിവരിച്ചു. അതിരുകടന്ന ഉപമകളും തമാശകളും ആശയത്തെ വികലമാക്കും ഒരു കഥ കേൾക്കൂ, അദ്ദേഹം തുടർന്നു.

ജന്മനാ അന്ധനായ ഭർത്താവിനോടു ഭാര്യ പറഞ്ഞു... 'കുഞ്ഞിന് സുഖമില്ല ഞാൻ ആശുപത്രിയിൽ പോയിട്ടു വരാം.' 'അവന് എന്തു പറ്റി?' 'പാലുകുടിച്ച് ദഹനക്കേടു വന്നു... വയറ്റുവേദന' 'പാലോ എന്താ അത്' പാലു കാണാത്ത അയാൾ ചോദിച്ചു. 'വെളുപ്പ് എന്നു പറഞ്ഞാൽ കൊറ്റിയുടെ നിറം' ഭാര്യ വിവരിച്ചു. 'കൊറ്റിയോ അത് എങ്ങനെയായിരിക്കും' അയാൾ ചോദിച്ചു. കൈമുട്ടു വളച്ച്, കൈപ്പത്തി മടക്കി കൊറ്റിയുടെ തലപോലെയാക്കി അവൾ പറഞ്ഞു; 'തൊട്ടുനോക്കൂ... കൊറ്റിദാ... ഇങ്ങനെയായിരിക്കും' ഭാര്യയുടെ ആംഗ്യമുദ്രയിൽ സ്പർശിച്ച് ഭർത്താവ് പറഞ്ഞു, 'ഇതുപോലെയുള്ളത് കഴിച്ചാൽ എങ്ങനാ വയറ്റുവേദന വരാതിരിക്കുക!'

ഇങ്ങനെയാണ് സത്യത്തെ വിശദീകരിക്കുന്ന ഉപമകൾ സത്യത്തിൽ നിന്നും ഏറെ അകന്നു പോകുന്നത്.

## ബുദ്ധൻ രണ്ടു തവണ ചിരിച്ചു

ബുദ്ധന്റെ ചിരിയോടാണ് ആണവപരീക്ഷണങ്ങളുടെ വിജയത്തെ രണ്ടു തവണയും ഇന്ത്യ ഉപമിച്ചത്. 1974 മെയ് 18നു രാവിലെ 8.05നു നടന്ന ഇന്ത്യയുടെ ആദ്യ അണു വിസ്ഫോടന വിവരം ഇന്ദിരാഗാന്ധിയെ അറിയിച്ചത് അന്നത്തെ അണുശക്തി കമ്മീഷൻ ചെയർമാനായ എച്ച്.എൻ സേത്നയായിരുന്നു. ആ കോഡ് ഭാഷ ഇങ്ങനെയായിരുന്നു ബുദ്ധൻ പുഞ്ചിരിക്കുന്നു വിസ്ഫോടനം നടന്നു മിനിറ്റുകൾക്കകം ഈ സന്ദേശമെത്തി. അു വിസ്ഫോടന പ്രോജക്ടിനു നേതൃത്വം നൽകിയതു ഡോ. രാജ രാമണ്ണയായിരുു. പിന്നീട് അദ്ദേഹം അണുശക്തി കമ്മീഷൻ ചെയർമാനായി 1998 മെയ് 11നു ലോകത്തിനു മുിൽ ബുദ്ധൻ വീണ്ടും ചിരിച്ചു നൂറു കോടി ഇന്ത്യാക്കാരിലൂടെ!

## പ്രസംഗ കുറിപ്പ്

### പുതിയ വ്യവസ്ഥിതിയുടെ അടയാളം

- അതു പ്രാപിക്കുവാനുള്ള ആത്മീയ സ്വാതന്ത്ര്യം
  (യെശ. 42 : 7)
- ക്രിസ്തുവിന്റെ ദൗത്യം
  (യെശ. 61 :1 )
- സത്യം അതിന്റെ ഉപകരണം
  (യോഹ. 8 : 32, റോമ. 6 :8)
- സ്വാതന്ത്ര്യം വരുത്തുന്ന പുതിയ ജീവപ്രമാണം (റോമ. 8 :2)
- പാപത്തിന്റെ അടിമത്വം പൊട്ടിച്ചു
  (റോമ. 8 : 20, 21)
- ആത്മാവിന്റെ സാന്നിധ്യം സുരക്ഷിതമാക്കുന്നു
  (2 കൊരി. 3:17, ഗലാ.2: 4)

# എൻ.ഐ.വി ബൈബിളിന് റിക്കോർഡ് പില്പന




35 വർഷങ്ങൾക്ക് മുൻപ് പ്രസിദ്ധീകരണം ആരംഭിച്ച ദി ന്യൂ ഇന്റർ നാഷണൽ വേർഷൻ (എൻ.ഐ.വി) ബൈബിൾ ഇന്ന് ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നതും അതോടൊപ്പം ഏറ്റവും കൂടുതൽ ആളുകൾ വായിക്കുന്നതുമായ ഏക ഗ്രന്ഥമായി തീർന്നിരിക്കുന്നു. ഇന്നേയ്ക്ക് രണ്ട് വർഷത്തിനു മുമ്പ് നാനൂറ്റി അൻപത് മില്യൺ പ്രിന്റഡ് കോപ്പികളാണ് സൊന്റർവാൻ പുറത്തിറക്കിയിട്ടുള്ളത്. അതിൽ 11 മില്യൺ പ്രിന്റഡും, ഡിജിറ്റൽ ഫോർമാറ്റ്സും ആണ് വിറ്റഴിക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പം കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ അഞ്ഞൂറോളം ഇതര പഠനഗ്രന്ഥങ്ങളും ലോകത്തിലെ മുപ്പിത്തിയാറ് രാജ്യങ്ങളിലേക്കായി കയറ്റി അയച്ചിട്ടുണ്ട്. കാലക്രമമനുസരിച്ചുള്ള കഥാസാരങ്ങളെ വിവരിക്കുന്ന എൻ.ഐ.വിയുടെ മറ്റൊരു പാഠ്യ പദ്ധതിയുടെ ഒരു കോടി കോപ്പികളും പുറത്തിറക്കിയിട്ടുണ്ട്. എൻ.ഐ.വിയുടെ (2011 ഒക്ടോബർ 11ന് പുറത്തിറങ്ങിയ) ഏറ്റവും പുതിയ എഡിഷന്റെ 250 ലക്ഷം കോപ്പികളും എൻ.ഐ.വി സ്റ്റഡി ബൈബിളിന്റെ 9 കോടി കോപ്പികളും ഇതിനോടകം വിറ്റഴിച്ചിട്ടുണ്ട്. എൻ.ഐ.വിയുടെ തന്നെ ഏറ്റവും വലിപ്പം കുറഞ്ഞ മറ്റൊരു പഠനഗ്രന്ഥത്തിന്റെ 1.1 മില്യൺ കോപ്പികളും വിറ്റഴിക്കപ്പെട്ടു. ഇതിനോടൊപ്പം എൻ.ഐ.വിയുടെ 5 ലക്ഷം യൂണിറ്റുകൾ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. 1978 മുതൽ തന്നെ ലോകത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന ഇംഗ്ലീഷ് ബൈബിൾ എൻ.ഐ.വിയുടേതാണ്. കാരണം ബൈബിളിന്റെ മൂലഭാഷയിൽ നിന്നും നേരിട്ട് ഇംഗ്ലീഷിലേക്ക് പരിവർത്തനം ചെയ്തതാണ് സൊന്റർവാൻ പബ്ലിക്കേഷന്റെ എൻ.ഐ.വി ബൈബിൾ. എൻ.ഐ.വിയുടെ സീനിയർ വൈസ് പ്രസിഡന്റും പബ്ലീഷറുമായി സേവനമനുഷ്ടിക്കുന്നത് റവ. ചിപ്പ് ബ്രോൺ ആണ്.

# കഷ്ടതയിൽ സന്തോഷിക്കുക

*(പേജ് 2 ൽ നിന്ന് തുടർച്ച)*

യുടെ മാറ്റ് പരിശോധിക്കുന്ന പരീക്ഷണശാലകൂടിയാണ്. കഷ്ടതയാകുന്ന തീച്ചൂളയിലൂടെ പരുവപ്പെട്ട് വരുന്ന ഒരു ദൈവപൈതലിന് മാത്രമേ സ്വർക്ഷീയനിത്യതയിൽ കടക്കുവാൻ കഴിയുകയുള്ളൂ.

കള്ളനോ, കൊലപാതകിയോ, ദുഷ്പ്രവൃത്തിക്കാരനായിട്ടോ അല്ല നാം കഷ്ടത അനുഭവിക്കേണ്ടത്. കാരണം അത് അപമാനകരമാണ്. മറിച്ച് ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടിവന്നാലും ലജ്ജിക്കരുത്.

എന്തുകൊണ്ടാണ് കഷ്ടത ക്രിസ്ത്യാനിയുടെ അവകാശമായി തീരുന്നത്? ക്രിസ്ത്യാനിയായിട്ടും കഷ്ടത തുടരുന്നു എങ്കിൽ അവൻ ക്രിസ്ത്യാനിയാണോ? എന്നിങ്ങനെ ചോദ്യങ്ങൾ അനവധിയാണ്. അപ്പോസ്തോലനായ പത്രോസ് തന്റെ ഒന്നാം ലേഖനം 4:13ൽ പറയുന്നത് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരാകുതോറും സന്തോഷിച്ചുകൊൾവീൻ. അങ്ങനെ നിങ്ങൾ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.

യേശുവിനോടുള്ള സ്നേഹത്തിൽ മാത്രമേ കഷ്ടത സഹിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് അപ്പോസ്തോലനായ പൗലോസ് കഷ്ടതയ്ക്കോ, പട്ടിണിക്കോ, ഉപദ്രവത്തിനോ, വാളിനോ ഇവയ്ക്കൊന്നിനും യേശുവിന്റെ സ്നേഹത്തിൽ നിന്നും തന്നെ അകറ്റികളയുവാൻ സാധ്യമല്ല എന്ന് പറയുന്നത്. കാരണം തേജസിന്റെ പ്രത്യക്ഷതയിൽ സന്തോഷിക്കാം എന്നതുകൊണ്ട് തന്നെ ക്രിസ്തു ഭക്തന്മാർ എല്ലാവരും കഷ്ടതയിൽ സന്തോഷിക്കുന്നവരായി യാത്ര തുടർന്നു.

# നമ്മുടെ ഭാരതം

മുഹമ്മദ് ഇക്ബാൽ ആണ് സാരേ ജഹാം സെ അച്ഛാ എന്ന് തുടങ്ങുന്ന ഉർദു ഗാനം രചിച്ചത്. അതിന്റെ പൂർണ്ണ രൂപം ഇതാ:

സാരേ ജഹാം സെ അച്ഛാ
ഹിന്ദോസ്കാം ഹമാരാ
ഹംബുൽബുലേം ഹൈം ഇസ്കീ
വോ ഗുൽസിതാം ഹമാരാ
പർബതോ സബ്സേ ഊംചാ
ഘംസായാ ആസ്മാം കാ
വോ സംതരീ ഹമാരാ
വോ പാസ്ബാം ഹമാരാ
ഗോദീമേം ഖേൽതീഹൈം
ഇസ്കീ ഹസാരോം നദിയാം
ഗുൽഷൻ ഹൈ ജിൻകേദംസേ
രശ്കേ ജനാം ഹമാരാ
രസ്ഹബ് നഹീം സിഖാതാ
ആപസ്മേം ബൈർ രഖ്നാ
ഹിന്ദീ ഹൈ ഹം വതൻഹൈ
ഹിന്ദോസ്താം ഹമാരാ....

ഈ ഗാനത്തിന്റെ അർത്ഥം ഇങ്ങനെയാണ്. ലോകത്തിൽ മറ്റേത് ദേശത്തേക്കാളും മികച്ചതാണ് നമ്മുടെ ഭാരതം. പക്ഷികളും പൂക്കളുമുള്ള പൂങ്കാവനമാകുന്ന ഭാരത്തിലെ ജനങ്ങളാണ് നമ്മൾ. ആകാശത്തോളം ഉയർന്നുനിൽക്കുന്ന പർവതങ്ങൾ നമ്മുടെ സംരക്ഷകരാണ്. ആയിരമായിരം നദികൾ അതിന്റെ മടിയിൽ ചാഞ്ചാടുകയും അവിടുത്തെ പൂങ്കാവനങ്ങൾ സ്വർഗത്തെപ്പോലും അതിശയിപ്പിക്കുകയും ചെയ്യുന്നു. മതസൗഹാർദമാണ് നാം പഠിക്കുന്നത്. നാമെല്ലാം ഭാരതീയരും, ഭാരതം നമ്മുടേതുമാകുന്നു.

# നോൺ സ്റ്റോപ്പ് പ്രെയർ

ഇന്തോനേഷ്യാ : ഏറ്റവും വലിയ മുസ്ലീം രാജ്യങ്ങളിൽ ഒന്നായ ഇന്തോനേഷ്യയിലെ എല്ലാ ക്രൈസ്തവ വിശ്വാസികളും ഏഴുദിവസത്തെ തുടർമാനമായ പ്രാർത്ഥനയ്ക്ക് ഒരുങ്ങുന്നു. ഒരു പക്ഷേ ഏതെങ്കിലും ഒരു രാജ്യത്ത് നടക്കുന്ന ഏറ്റവും വലിയ പ്രാർത്ഥനസംഗമം ആയിരിക്കും ഇത്.

കഴിഞ്ഞ വർഷം ലോകത്തിലെ എല്ലാ രാജ്യങ്ങളിൽ നിന്നുമായി ഒൻപതിനായിരം പേർ ഒത്തു ചേർന്ന് യേശുക്രിസ്തുവിന്റെ നാമം ഉയർത്തുക എന്ന മുദ്രാവാക്യം ഉയർത്തിപിടിച്ച് ഒരു പ്രാർത്ഥന സംഘടിപ്പിച്ചിരുന്നു. തലസ്ഥാനനഗരിയിൽ നിന്നും മുപ്പതുമൈൽ അകലെ ജക്രാത്തയിൽ ഒരു മൾട്ടി സ്റ്റോർ ബിൽഡിംഗ് ആണ് പ്രാർത്ഥന ഗോപുരം. ഇടമുറിയാതെ പ്രാർത്ഥതുടരുന്നതിന് പ്രാർത്ഥനാ പോരാളികൾക്കായി പ്രത്യേകസൗകര്യങ്ങൾ ഏർപ്പെടുത്തിയതായി കോഡിനേറ്റർ പെട്രൂസ് അറിയിച്ചു. ഇന്തോനേഷ്യയിലെ അഞ്ഞൂറ് സിറ്റികളിൽ നിന്നുമായി എത്തുന്ന പോരാളികളാണ് ഇന്തോനേഷ്യയുടെ ഉണർവിനായി പ്രാർത്ഥിക്കുന്നത്.

# ക്രൈസ്തവ സാഹിത്യ അവാർഡ് 2013 കൃതികൾ ക്ഷണിക്കുന്നു

ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡിന്റെ പ്രസിദ്ധീകരണ വിഭാഗമായ ഫെയ്ത്ത് ലീഡേഴ്സ് പബ്ലിക്കേഷൻ ക്രൈസ്തവ സാഹിത്യ അവാർഡിന് കൃതികൾ ക്ഷണിക്കുന്നു. ഐ.പി.സിയുടെ ആരംഭ കാല ശുശ്രൂഷകരായിരുന്ന പാസ്റ്റർ ഡി. ശാമുവേലി (ആശാൻ ഉപദേശി) ന്റെയും കരിങ്കുളം മത്തായി ഉപദേശിയുടെയും സ്മരണാർഥവും അവർ പെന്തെക്കോസ്തു സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകളെയും മാനിച്ചാണ് അവാർഡ്.

മികച്ച ഗ്രന്ഥം, ലേഖനം, കഥ, കവിത എന്നിവയ്ക്കാണ് അവാർഡ്. മികച്ച ഒരു ഗ്രന്ഥത്തിനും ലേഖനത്തിനും 10,000 രൂപാ വീതവും പ്രശസ്തി പത്രവും ഫലകവും, കഥയ്ക്കും കവിതയ്ക്കും 5,000 രൂപാ വീതവും പ്രശസ്തി പത്രവും ഫലകവും നൽകുന്നതാണ്. എല്ലാ വിഭാഗങ്ങൾക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

മലയാളത്തിലുള്ള രചനകൾ മാത്രം അയയ്ക്കുക. ഒരാൾക്ക് ഏതെങ്കിലും രണ്ട് മത്സരത്തിൽ പങ്കെടുക്കാം. എന്നാൽ ഒരു മത്സരത്തിനു ഒരു കൃതി മാത്രമെ അയയ്ക്കാവൂ.

പ്രായമോ സഭാ വ്യത്യാസമോ ഇല്ലാതെ ആർക്കും പങ്കെടുക്കാം. കഥ, കവിത, ലേഖനം എന്നിവ മുമ്പ് പ്രസിദ്ധീകരിച്ചവ ആയിരിക്കരുത്. ഗ്രന്ഥങ്ങളും രചനകളും 2013 ഒക്ടോബർ 30ന് മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം. 2013 ഡിസംബർ 15-ാം തീയതി അവാർഡുകൾ പ്രഖ്യാപിക്കുകയും 2013 ഡിസംബർ അവസാനം പാമലയിൽ (തിരുവല്ല) വച്ചു നടക്കുന്ന ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷനിൽ വച്ച് അവാർഡുകൾ നൽകുന്നതും ആയിരിക്കും. രചനകൾ താഴെക്കാണുന്ന അഡ്രസിൽ അയച്ചു തരിക. കൂടുതൽ വിവരങ്ങൾക്ക്:

വൈസ് മാഗസിൻ,
ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ്,
പാലയ്ക്കാത്തകിടി പി.ഒ., വെങ്കോട്ട,
പത്തനംതിട്ട ജില്ല, കേരളം – 689581
ഫോൺ: 9744797080
E-mail: -wise@faithleaderschurch.org

# മതപരിവർത്തനനിയമം മദ്ധ്യപ്രദേശ് ഗവൺമെന്റ് നടപ്പിലാക്കുന്നു

മദ്ധ്യപ്രദേശ് ഗവൺമെന്റിന്റെ മുൻകൂർ അനുവാദം കൂടാതെ മതപരിവർത്തനം ചെയ്യുന്നത് ഒരു ക്രിമിനൽ കുറ്റമായി തീരും. ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന പുതിയ ക്രിമിനൽ നിയമമാണിത്. ഏതെങ്കിലും പരിവർത്തനം ഒരു മാസത്തിന് മുൻപ് മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങാത്ത പക്ഷം മൂന്ന് വർഷം വരെ തടവും പിഴയും ഈടാക്കാവുന്ന ഒരു കുറ്റമാണിത്. തികച്ചും ആശങ്കയോടും ഭയത്തോടും കൂടെ ഇതിനെ കാണുന്ന സംസ്ഥാനത്തെ ക്രൈസ്തവസഭകൾ നിയമസഭ പാസാക്കുന്ന ഈ നിയമത്തിൽ ഒപ്പുവയ്ക്കരുതെന്ന് ഗവർണറോട് ശുപാർശ ചെയ്തിരിക്കുകയാണ്.

# അണ്ടർ ഗ്രൗണ്ട് ചർച്ച് പാസ്റ്റർ നിത്യതയിലേക്ക്

സുപരിചിതനല്ലെങ്കിലും, ചൈനയ്ക്ക് അകത്തും പുറത്തുമുള്ള കോടിക്കണക്കിന് വരുന്ന വിശ്വാസ സമൂഹത്തിന്റെ വീര പുരുഷനായിരുന്നു ആഗസ്റ്റ് 3ന് 88-ാം വയസ്സിൽ കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട പാസ്റ്റർ ശമുവേൽ ലാമ്പ് (അപരനാമം).

പാസ്റ്റർ ശമുവേൽ നടത്തിവന്ന ഹൗസ് ചർച്ച് ഗവൺമെന്റ് അംഗീകരിച്ച പ്രൊട്ടസ്റ്റന്റ് ചർച്ചിലേക്ക് ലയിപ്പിക്കണമെന്ന ചൈനീസ് ഗവൺമെന്റിന്റെ ഉത്തരവിനെ അംഗീകരിക്കാത്തതുമൂലം ഗവൺമെന്റിന്റെ പൂർണ്ണനീരീക്ഷണത്തിൽ ആയിരുന്നു. സഭയ്ക്കെതിരെയുള്ള പീഢനത്തെ ഒരു മോശം കാര്യമായോ, തെറ്റായ ഒന്നായോ താൻ കണ്ടിരുന്നില്ല.

യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെക്കുറിച്ച് പ്രസംഗിക്കരുതെന്ന് കർശനമായി വിലക്കിയിരുന്ന സമയത്ത് ലാമ്പ് അതിനെ മറികടന്ന് പ്രസംഗിച്ച കാരണത്താൽ 1950 കളിൽ മാവോയിസ്റ്റ് കമ്മ്യൂണിസ്റ്റ് അഴിച്ചുവിട്ട കൊടുംക്രൂരമായ പീഢന കൊടുംകാറ്റിന്റെ സമയത്ത് ഇരുപത് വർഷത്തോളം ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്. ജയിൽ വിമോചിതനായ ലാമ്പ് പുറത്തിറങ്ങിയ ശേഷം ലോകം കണ്ട ഏറ്റവും വലിയ രഹസ്യ ചർച്ചകളുടെ സ്ഥാപകനായി മാറി. നാല് ഷിഫ്റ്റുകളായി നാലായിരത്തോളം പേർ സ്ഥിരാംഗങ്ങളുള്ള ഒരു സഭയുമുണ്ട്.

വലിയ ഉപദ്രവത്തിനും, വലിയ വളർച്ചയ്ക്കും വിശുദ്ധ ഉപദേശങ്ങൾ എന്നതായിരുന്നു ലാമ്പിന്റെ ജീവിത ആപ്തവാക്യം. ഈയ്യോബിന്റെ ജയപരാജയങ്ങളുടെ അനുഭവപാഠത്തിൽ നിന്നും ദൈവത്തിനും, ഉപദ്രവിക്കുന്നവർക്കുമെതിരെ പിറുപിറുക്കാൻ പാടില്ല എന്ന് താൻ പ്രസംഗിക്കുമായിരുന്നു. ജയിൽ വാസകാലത്ത് മരണമടഞ്ഞ ഭാര്യയുടെ ശവസംസ്കാരത്തിൽ പങ്കെടുക്കാൻ ഗവൺമെന്റ് അനുവാദം കൊടുത്തിരുന്നില്ല. ഇത് ദൈവം തന്ന ശൂലം എന്നായിരുന്നു ഇത് സംബന്ധിച്ച പ്രതികരണം.

മൂന്ന് പതിറ്റാണ്ടോളം ഓപ്പൺ ഡോർ മിനിസ്ട്രിയുടെ വിശ്വസ്തനായ ഒരംഗമായി പ്രവർത്തിച്ചു. ലാമ്സ് നെറ്റ് വർക്കലൂടെ 2,00,000 സുവിശേഷപ്രതികൾ വിതരണം ചെയ്തു.

നികത്താനാവാത്ത വിടവാണ് ശമുവേൽ ലാമ്പിലൂടെ ചൈനീസ് സഭയ്ക്ക് ഉണ്ടായിരിക്കുന്നത്. അഭൂതപൂർവ്വമായ സഭാവളർച്ചയ്ക്ക് ഓജസ്വിയായി പ്രവർത്തിച്ച ലോകം കണ്ട ഒരു ധീര സുവിശേഷകനായിരുന്നു.

# ഭൗതീകാവശിഷ്ടം ബഹിരാകാശത്ത് നിമജ്ജ്നം ചെയ്യാം

അമേരിക്ക : മരണത്തിലൂടെ നമ്മിൽ നിന്നും വേർപെടുന്നവരുടെ ഓർമ്മകൾ അവിസ്മരണീയമാക്കാൻ ഇനിമുതൽ ഭൗതീകാവശിഷ്ടം ബഹിരാകാശത്തേക്ക് അയയ്ക്കാൻ അവസരം ഒരുക്കുന്നു. അമേരിക്കകാർക്ക് മാത്രം ലഭ്യമാകുന്ന ഈ സേവനം അടുത്ത വർഷത്തിൽ ആരംഭിക്കും. ഇതിനായി പ്രത്യേകം തയ്യാറാക്കിയ വാഹനം ഏതാനും മാസം ഭൂമിയെ വലംവച്ച ശേഷം തിരികെ ഭൗമാന്തരീക്ഷത്തിൽ പ്രവേശിച്ച് എരിഞ്ഞടങ്ങും. അമേരിക്കയുടെ ഒരു സ്വകാര്യ ബഹിരാകാശ സംഘടയായ നാസയിൽ നിന്നും വിരമിച്ച തോമസ് സിമെറ്റാണ് ഭൗതീകാവശിഷ്ടം ബഹികരാകാശത്ത് നിമജ്ജനം ചെയ്യാനുള്ള അവസരം ഒരുക്കുന്നത്. പ്രത്യേകവാഹനത്തിന്റെ ആദ്യവിക്ഷേപണം അടുത്ത വർഷം ആരംഭത്തിൽ നടത്തും.

# മാസയോഗം

കേരളം: സോൾ വിഴ്േസ് ഇൻഡ്യാ ചർച്ച് ഓഫ് ഗോഡിന്റെ തിരുവനന്തപുരം ജില്ലയിലെ സഭകളുടെ മാസയോഗം ജൂലൈ 27 ശനിയായ്ച തെങ്ങുവിളക്കുഴി ചർച്ചിൽ വച്ച് നടു.

ജില്ലയിൽ പ്രവർത്തിക്കു പതിനാറോളം സഭകളിൽ നിും നൂറോളം വിശ്വാസികൾ പങ്കെടുത്തു. സഭാ ജനറൽ സെക്ര”റി പാസ്റ്റർ എൻ. ക്രിസ്തുദാസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസോസിയേറ്റ് ഡയറക്ടർ ബ്രദർ സന്തോഷ് ഈശോ മുഖ്യ സന്ദേശം നല്കി. യോഗത്തിൽ ബഥേൽ ബൈബിൾ കോളേജ് പ്രിൻസിപ്പാൾ റവ. അനിയൻ കുഞ്ഞ് കെ.കെ ചിൽഡ്രൻസ് ഹോം ഇൻചാർജ്ജ് ബ്രദർ സാം തോമസ് എിവരും ദൈവവചനം ശുശ്രൂഷിച്ചു.

സ്ഥലം സഭയിൽ പാസ്റ്റർ അനീഷ് ശുശ്രൂഷിക്കു. ആലയത്തിന്റെ ശേഷിയ്ക്കു പണികാര്യങ്ങൾ പൂർത്തീകരിക്കുതിനും, പാഴ്സനേജ് പണിയുതിനുമായി ദൈവമക്കൾ പ്രാർത്ഥിക്കുവാനും, സഹായിക്കുവാനും സഭ അപേക്ഷിച്ചിരിക്കു.

# പഠിക്കാൻ ഏന്തെല്ലാം?

സ്കൂളിൽ പഠിക്കാൻ നിർബന്ധമാക്കിയിട്ടുള്ള വിഷയങ്ങൾ മാത്രം പഠിച്ചു വളരു കുട്ടികൾ പൂർണ്ണ പൗരന്മാരാകുന്നില്ല എന്നു കാണാം. ജീവിതത്തിൽ എല്ലാ രംഗങ്ങളെപ്പറ്റിയും സാമാന്യം അറിവു ലഭിക്കുകയായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷണം. ഒരു സ്നേഹിതന് വിദേശയാത്ര ആവശ്യമായപ്പോഴാണ് ടൈ കെട്ടുന്നത് എങ്ങനെ എന്നറിയില്ല എന്നു മനസ്സിലായത്. അയാൾ ഒരു ഡസൻ ആളുകളോടു ചോദിച്ചുനോക്കിയിട്ടും ഫലമുണ്ടായില്ല. കഴുത്തിൽ തൂവാല കെട്ടുന്നതുപോലെയല്ലേ ടൈ കെട്ട് എന്നാണ് ആളുകളിൽ പലരും ചോദിച്ചത്. അത്ര പഠിക്കാനെന്തിരിക്കുന്നു? വാസ്തവം അങ്ങനെയല്ല. അതു ചെയ്യുതിന് ഒരു രീതിയുണ്ട്. വികൃതമായി കെട്ടിയാൽ ചന്തമുണ്ടാകയില്ല. നന്നായി കെട്ടിയാൽ മറ്റു വേഷത്തോടൊപ്പം നല്ല യോജിപ്പായിരിക്കും. യോഗ്യത കൂടും. ഫോർമൽ ആയ സന്ദർഭങ്ങളിൽ ടൈ ഒരാവശ്യവുമാണ്.

ഒരു മരുന്നു വാങ്ങിയ സ്ത്രീ കുപ്പി തുറക്കാൻ പാടുപെടുന്നതു കണ്ടു. ഒടുവിൽ ഒരു ഫാർമസിസ്റ്റാണ് സഹായിച്ചത്. സ്റ്റിക് നോ ബിൽസ് (Stick No Bills) എന്ന് ചില പൊതുസ്ഥലങ്ങളിലും സ്വകാര്യ കെട്ടിടങ്ങളിലും എഴുതിയിരിക്കുന്നതു കണ്ട് ഒരു യുവതിക്ക് അതിന്റെ അർത്ഥം മനസ്സിലായില്ല. പരസ്യം പതിക്കരുത് എന്നേ അതിനർത്ഥമുള്ളു. പൊതു സ്ഥലത്ത് പാർട്ടിക്ക് പോകുമ്പോഴാണ് പല മര്യാദകളും നമുക്കറിയില്ല എന്ന് മനസ്സിലാകുന്നത്. നാപ്കിൻ എങ്ങനെയാണ് ഉപയോഗിക്കുക? ചിലതരം ഭക്ഷണങ്ങൾ കഴിക്കുതാണ് ചിലർക്കു പ്രശ്നം. ടെലിഫോൺ ഉപയോഗമാണ് മറ്റൊരു രംഗം. ഒരാൾ നിങ്ങളെ വിളിക്കുന്നു. ഫോൺ കട്ടായിപ്പോകുന്നു. അടുത്ത വിളി ആരുടെ മുറയാണ്? വിളിച്ച ആൾ തന്നെ വീണ്ടും വിളിക്കുകയാണ് ശരി. ലിഫ്റ്റിൽ കയറുമ്പോൾ ശ്രദ്ധിക്കണം. ഇറങ്ങാനുള്ളവർ ഇറങ്ങിയിട്ടേ കയറാൻ ശ്രമിക്കാവൂ.

പെരുമാറ്റ മര്യാദകളെപ്പറ്റി പഠിക്കാൻ പലതുണ്ട്. ഫിനിഷിങ്ങ് സ്കൂളുകളിൽ നടക്കുന്നത് അതാണ്. ചില ഹോട്ടലുകളിൽ നടക്കുന്നത് അതാണ്. ചില ഹോട്ടലുകളിൽ കയറുതിനു മുൻപ് ശരിക്കാണോ വേഷം ധരിച്ചിരിക്കുന്നത് എന്നറിഞ്ഞിരിക്കണം.

ഇളിഭ്യനാകാൻ ആർക്കാണിഷ്ടം? സൂക്ഷിക്കുക. നിങ്ങൾ ഏതു കോളേജിലാണ് പഠിച്ചതെന്നുള്ളതല്ല കാര്യം. പെരുമാറാനാറിയാമോ? മറ്റുള്ളവർ പ്രതീക്ഷിക്കുതുപോലെ നിങ്ങൾ ഉയർന്നിട്ടുണ്ടോ? ഫിംഗർ ബൗളിലെ ഇളം ചൂടു വെള്ളം എടുത്തു കുടിച്ച് അബദ്ധം പറ്റിയ ഒരു വി.ഐ.പിയെ അറിയാം.

# ഫാറ്റ്ലെസ് കോഴിമുട്ട

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്) ഇന്ത്യയിൽ ആദ്യമായി വികസിപ്പിച്ചെടുത്ത ഒമേഗ 3 ഫാറ്റി ആസിഡ് അടങ്ങിയ കോഴിമുട്ട വിവണിയിൽ എത്തുന്നു. മാറിയ ജീവിതസാഹചര്യത്തിൽ മനുഷ്യശരീരത്തിൽ ഒഴിവാക്കണമെന്ന് ഡോക്ടർമാർ കർശനമായി നിർദ്ദേശിക്കുന്നതും, മനുഷ്യർ നിത്യജീവിതത്തിൽ കഴിക്കാൻ ഏറെ ഇഷ്ടപ്പെടുന്നതുമായ ഒരു ആഹാരമാണ് മുട്ട. ഇവയുടെ ഉപയോഗം നിമിത്തം രോഗവും രോഗികളും വർദ്ധിക്കുന്ന ഈ പശ്ചാത്തലത്തിൽ സിഫ്റ്റിന്റെ പുതിയ കണ്ടുപിടുത്തം ഭക്ഷണപ്രിയർക്ക് ഏറെ ആശ്വാസം തരുന്ന വാർത്തയാണ്. എൽഡിഎൽ കൊളസ്ട്രോളിന്റെയും കൂടെ ഗ്ലിസറൈഡിന്റെയും അളവ് ഗണ്യമായി കുറയ്ക്കുവാനും ഗുണകരമായി എച്ച്ഡിഎൽ കൊളസ്ട്രോളിന്റെ തോത് ഉയർത്താൻ ശേഷിയുള്ളതാണ് ഒമേഗ 3 കോഴിമുട്ട.

മനുഷ്യശരീരത്തിൽ ഏറ്റവും അത്യന്താപേക്ഷിതമായ ഒമേഗ 3 ഉത്പാദിപ്പിക്കുന്ന ജനപ്രിയ മത്സ്യമായ മത്തിയുടെ അവശിഷ്ടം ശേഖരിച്ച് സംസ്കരിച്ചെടുക്കുന്ന കോഴിതീറ്റ നൽകിയ കോഴികളിൽ നിന്നും ലഭിച്ച മുട്ടയാണ് ഒമേഗ 3 കോഴിമുട്ട. അംഗീകരാത്തോടെ വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച പൊതുജനങ്ങൾക്കായി വിപണിയിലെത്തിക്കാനാണ് സിഫ്റ്റിന്റെ തീരുമാനം.

The Soul Winners India, Bethel Bible College, Aranoottimangalam P.O, Mavalikkara, Alapuzha Dist, Kerala State - 690 110, India.
The Soul Winners India, P. O. Box 597232 Chicago.IL - 60659, USA
Phone: (+91) 479 2356706, 9981571723
Email: kg.easo@gmail.com

# മനുഷ്യൻ ഇല്ലാതായാൽ ഭൂമി ജീവനയോഗ്യമാകും



**മനുഷ്യോപകാരവും സൗകര്യപ്രദവുമെു കരുതി കണ്ടുപിടിക്കുകയും, നിർമ്മിക്കു കയും ചെയ്ത പലതും മനുഷ്യനും പ്രകൃതിക്കും ഭീഷണിയായി തീരിരിക്കു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നിങ്ങൾ തിരുതെും തിു നാളിൽ നിങ്ങൾ മരിയ്ക്കുമെ ദൈവത്തിന്റെ കല്പനയേയും മുറിയിപ്പിനേയുമാണ് മനുഷ്യൻ ലംഘിച്ചത്. അു മുതൽ മനുഷ്യന്റെ അധപതനത്തിന്റെ ആരംഭം കുറിച്ചു.**



ജോസ് പുന്നയ്ക്കാപള്ളി, പിരുമേട്

അടുത്ത അൻപത് വർഷത്തിനുള്ളിൽ ഭൂമിയിലെ പ്രാണികൾ മുഴുവൻ നശിച്ചാൽ ഭൂമിതന്നെ ഇല്ലാതാകും. അടുത്ത അൻപത് വർഷത്തിനുള്ളിൽ മനുഷ്യർ മുഴുവൻ അപ്രത്യക്ഷരായാൽ ഭൂമി ജീവനയോഗ്യമാകും"

ഭൂമിയിൽ മനുഷ്യർ ഏൽപിക്കുന്ന അപകടകരമായ ക്ഷതങ്ങൾ അക്കമിട്ടു നിരത്തി, ലോകപരിസ്ഥിതി മിത്ര നിർമ്മാണ വാരാചരണത്തിന്റെ ഭാഗമായി ഇൻഡ്യൻ ഗ്രീൻ ബിൽഡിംഗ് കൗൺസിൽ കൊച്ചി ചാപ്റ്റർ സംഘടിപ്പിച്ച മതാന്തര സംവാദമാണ് ഇക്കാര്യം ചൂണ്ടിക്കാട്ടിയത്.

വേദഗ്രന്ഥങ്ങളെ ഉദ്ധരിച്ച് പ്രകൃതിയും മനുഷ്യരും തമ്മിലുള്ള ബന്ധം സെമിനാർ ചർച്ചചെയ്തു.

മനുഷ്യൻ പ്രകൃതിയെ മറക്കുമ്പോൾ കേൾക്കാൻ കഴിയാതെ പോകുന്നത് പ്രഭാതങ്ങളിലെ കിളികളുടെ ശബ്ദമാണ്. മനസിനെ ഉണർത്തുന്ന ഭൂപാള രാഗത്തിലാണ് കിളികൾ പാടുന്നതെന്നാണ് വിശ്വാസം. ഇതിനു പകരം വ്യവസായശാലകളുടെ സൈറൻ കേട്ടാണ് ഇന്ന് നമ്മൾ ഉണരുന്നത്" കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മെന്റ് കോഴ്സ് ഡീൻ സി.വി. ജയന്തി ചൂണ്ടികാട്ടി.

സുന്ദരമായ ഭുമി ഇനിയും സാക്ഷാത്കരിക്കാൻ ബാക്കി നിൽക്കുന്ന സ്വപ്നമാണ്. ഭൂമിക്കും സ്വർക്ഷത്തിനുമിടയിൽ ദൈവം സൃഷ്ടിച്ച പാലമാണ് മരങ്ങൾ. ഔഷധസസ്യങ്ങൾ എന്ന പേരിൽ മരങ്ങളേയും സസ്യങ്ങളേയും വേർതിരിക്കേണ്ടതില്ല. കാരണം എല്ലാ മരങ്ങളും സസ്യങ്ങളും ഔഷധഗുണങ്ങളുള്ളതാണ് കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പിൾ ഫാ. ഡോ. കെ.എം ജോർജ്ജ് വിശദീകരിച്ചു.

മനുഷ്യനെ പഠിക്കാൻ പഠിപ്പിക്കുന്ന ഖുറാൻ പ്രകൃതിയുടെ സൃഷ്ടാവിനെ ആരാധിക്കാൻ ഉത്ഘോഷിക്കുമ്പോൾ അതിലൂടെ പ്രകൃതിയും സംരക്ഷിക്കപ്പെടുമെന്ന സത്യം വെളുപ്പെടുന്നതായി ഗ്ലോബൽ ഇസ്ലാമിക് പ്ലാറ്റ് ഫോം പ്രഭാഷകൻ അഡ്വ. മായൻകുട്ടി മേത്തർ അഭിപ്രായപ്പെട്ടു. മേലുദ്ധരിച്ച മനോരമയിൽ വന്ന വാർത്തയുടെ രത്നചുരുക്കത്തിൽ മനുഷ്യൻ മൂലം ഭൂമിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വിപത്തുകൾ....ഭൂമി തന്നെ ഇല്ലാതാകുന്ന മുന്നറിയിപ്പായി കരുതതേണ്ടതും പരിഹാരമാർക്ഷം തേടേണ്ടതുമായ അതിപ്രധാന കാര്യങ്ങളാണ്.

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നീരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിനു ദുഃഖമായി (ഉല്പ. 6:5,6.)

മനുഷ്യന്റെ ഭൂമിയോടുമുള്ള അതിക്രമം വൻഭീഷണി ഉയർത്തുന്നതാണ്. വാസയോഗ്യമായി ദൈവം സൃഷ്ടിച്ച ഭൂമിയിന്മേൽ മനുഷ്യൻ ഏൽപിച്ചുകൂട്ടുന്ന ആഘാതങ്ങൾ ഭൂമിയെ അധികം വൈകാതെ ഊഷര ഭൂമിയാക്കാൻ സാധ്യതയേറെയെന്നു സസ്യശാസ്ത്രലോകം മുന്നറിയിപ്പ് നല്കികൊണ്ടിരിക്കുകയാണ്.

നമ്മുടെ ഭൂമിയിലെ സസ്യങ്ങളിൽ അഞ്ചിലൊന്ന് അപകട ഭീഷണിയിലാണെന്നു ബ്രിട്ടീഷ് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നല്കികഴിഞ്ഞു.

ആകെയുള്ള 3,80,000 സസ്യവർഗങ്ങളിൽ 22% സസ്യവർഗങ്ങൾ വംശനാശ ഭീഷണിയെ നേരിടുന്നുവെന്ന് ജപ്പാനിലെ "നാഗോ"യിൽ കൂടിയ ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിലുള്ള സംരക്ഷണം സംബന്ധിച്ച യോഗത്തിൽ വെളുപ്പെടുത്തുകയുണ്ടായി.

സ്വാഭാവിക സസ്യജീവിതവ്യവസ്ഥയെ തകിടം മറിക്കുന്ന കാർഷിക രീതിയാണ് വരാൻ പോകുന്ന അപകടത്തിന്റെ 33% കാരണവും എന്നാണ് ശാസ്ത്രലോകത്തിന്റെ കണ്ടെത്തൽ. പരമ്പരാഗത കൃഷിരീതിയിലേക്കു മനുഷ്യൻ മാറുന്നില്ലെങ്കിൽ ഇന്നനുഭവിക്കുന്ന പല ഭക്ഷ്യസസ്യങ്ങളും ദുർലഭമാകും എന്ന കാര്യം വളരെ ഗൗരവമായി കാണേണ്ടതാണെന്നും മുന്നറിയിപ്പു നല്കുന്നു.

മനുഷ്യന്റെ നിലനിൽപ്പ് പ്രകൃതിയേയും സസ്യലോകത്തെയും ആശ്രയിച്ചാണെന്ന തിരിച്ചറിവ് ഉണ്ടാകുന്നില്ലെങ്കിൽ മനുഷ്യന്റെ നിലനിൽപ്പ് അപകടകരമാകും.

പുതിയതിന്റെ പിറകെയുള്ള മനുഷ്യന്റെ തൃപ്തിയും അതിനുള്ള നെട്ടോട്ടവും ഒടുവിൽ കൊണ്ടെത്തിക്കുന്നത് നാശത്തിലേക്കാണ് എന്നും മനുഷ്യൻ ഓർത്താൽ നന്ന്.

ഭൂമിയിൽ നിന്ന് പുല്ലും വിത്തുള്ള സസ്യങ്ങളും ഭൂമിയിൽ അതതുതരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചുവരട്ടെയെന്നു ദൈവം കല്പിച്ചു! അങ്ങനെ സംഭവിച്ചു. ഭൂമിയിൽ നിന്ന് പുല്ലും അതതുതരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചുവന്നു നല്ലത് എന്ന് ദൈവം കണ്ടു.

നല്ലത് എന്ന് ദൈവം കണ്ടതിനെ മനുഷ്യൻ വീണ്ടും അവന്റെ ഇഷ്ടപ്രകാരം നന്നാക്കാൻ ശ്രമിച്ചതുമുതലാണ് ഭൂമിയിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന വിപത്തുക്കൾക്കെല്ലാം കാരണമെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ദൈവം നല്ലതെന്നു കണ്ടു സൃഷ്ടിച്ചതിനെ പോരാ എന്ന മനുഷ്യന്റെ വിചാരവും നിരൂപണവും ദൈവത്തെ ദുഖിപ്പിച്ചു. മനുഷ്യനു ഒന്നിലും തൃപ്തിയില്ല. മാതാപിതാക്കൾ വാങ്ങി കൊടുക്കുന്ന ഒരു കാര്യത്തിലും മക്കൾക്കു തൃപ്തിയില്ല. ദൈവത്തെ വിട്ടകന്ന മനുഷ്യനു യാതൊന്നിലും തൃപ്തിപ്രാപിക്കുവാൻ കഴിയില്ല. ഒരു വൃക്ഷത്തിന്റെ ഫലം ഒഴികെ സകല വൃക്ഷങ്ങളുടേയും ഫലം യഥേഷ്ടം ഭക്ഷിക്കാൻ ദൈവം അനുവദിച്ചിരുന്നതാണ്. യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചത് എന്തെന്നാൽ തോട്ടത്തിലെ സകല വൃക്ഷങ്ങളുടേയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം" ഇഷ്ടംപോലെ തിന്നാമെന്നായിരുന്നു മനുഷ്യനോടുള്ള ദൈവത്തിന്റെ വ്യവസ്ഥ. ഇഷ്ടംപോലെ തിന്നാമെന്ന വ്യവസ്ഥയെ തകിടം മറിച്ച മനുഷ്യന്റെ ജീവിതം അധോഗതിയായി മാറി. ഇന്നു മനുഷ്യന് തൃപ്തികരമായി ഒന്നും ഭക്ഷിക്കാൻ സാധിക്കുന്നില്ല. ഭക്ഷണത്തെ മനുഷ്യൻ ഭയക്കുകയാണ്. ആർത്തിയുണ്ട് ആശയുണ്ട് എന്നാൽ എല്ലാം ഇഷ്ടം പോലെ ഭക്ഷിക്കാനാകുന്നില്ല. ഇഷ്ടംപോലെ പണമുണ്ട് എന്നാൽ ഇഷ്ടം പോലെ ആഹാരം കഴിക്കാനാവുന്നില്ല എന്തു ചെയ്യാം? വിലക്കപ്പെട്ട ഭക്ഷണം വിളമ്പിയ തീൻമേശക്ക് മുൻപിലിരുന്ന് നെടുവീർപ്പെടുകയാണ് മനുഷ്യൻ. ഇഷ്ടം പോലെ കഴിച്ചാൽ, ഭക്ഷണം മരണത്തിലേക്കു നയിക്കുന്ന ഏജൻസിയായി മാറുന്ന പ്രത്യേക സാഹചര്യമാണിന്നുള്ളത്. മനുഷ്യനോടുള്ള ദൈവത്തിന്റെ വ്യവസ്ഥ ഇതായിരുന്നോ? ഇഷ്ടംപോലെ കഴിച്ചു കൊള്ളാനുള്ളതായിരുന്നില്ലേ മനുഷ്യന്റെ അതിമോഹമാണ് ഇത്തരത്തിലേക്കു അധഃപതിപ്പിച്ചത്. അതിന് കടിഞ്ഞാണിടുന്നില്ലെങ്കിൽ ആർക്കും പരിഹരിക്കാനാവാത്ത വിപത്തിനെ നേരിടുമെന്ന കാര്യത്തിനു തർക്കമില്ല.

മനുഷ്യോപകാരവും സൗകര്യപ്രദവുമെന്നു കരുതി കണ്ടുപിടിക്കുകയും, നിർമ്മിക്കു കയും ചെയ്ത പലതും മനുഷ്യനും പ്രകൃതിക്കും ഭീഷണിയായി തീർന്നിരിക്കുന്നു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നിങ്ങൾ തിന്നരുതെന്നും തിന്നുന്ന നാളിൽ നിങ്ങൾ മരിയ്ക്കുമെന്ന ദൈവത്തിന്റെ കല്പനയേയും മുന്നറിയിപ്പിനേയുമാണ് മനുഷ്യൻ ലംഘിച്ചത്. അന്നു മുതൽ മനുഷ്യന്റെ അധപതനത്തിന്റെ ആരംഭം കുറിച്ചു.

മനുഷ്യന്റെ അറിവ് വർദ്ധിച്ചിരിക്കുന്നു. വിദ്യാഭ്യാസവും, ജ്ഞാനവും പണ്ടത്തെക്കാൾ വളരെ വർദ്ധിച്ചിരിക്കുന്നു. അതോടൊപ്പം സമാധാനജീവിതവും നഷ്ടമായികൊണ്ടിരിക്കുകയാണ്. ആത്മഹത്യയും വർദ്ധിക്കുന്നു. വിദ്യാസമ്പന്നരും സമൂഹത്തിൽ ഉന്നതനിലവാരത്തിൽ ജീവിക്കുന്നവർക്കുമിടയിലാണ് ആത്മഹത്യാപ്രവണത കൂടിവരുന്നത് എന്നതാണ് ഏറെ അതിശയിപ്പിക്കുന്ന കാര്യം. കാരണം മന്ദബുദ്ധികളായവരാരും തന്നെ ആത്മഹത്യ ചെയ്തതായി എവിടെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ആത്മഹത്യ ചെയ്യുന്നവരുടെ മനോഗതി പരിശോധിച്ചാൽ ആഗ്രഹങ്ങൾ സാധിക്കാതെ പോകുന്നു എന്നതാണ് കാരണമായി പറയുന്നത്. അങ്ങനെ എങ്കിൽ മനുഷ്യന്റെ മോഹമോ അതിമോഹമോ ഒക്കെതന്നെയാണ് ഇതിനെല്ലാം കാരണമായിതീരുന്നത്.

SOUL WINNERS INDIA
Bethel Bible College
[Affiliated to IATA & Called To All Nations Ministries (USA)]
GRATE OPPORTUNITY FOR NORTH INDIAN MINISTRY !



Rev. K.G Easo
Founder and Director

| Course Offered | Duration | Qualification |
|---|---|---|
| Certificate in Theology (C.th) | 1 year | 10th class |
| Diploma in Theology (Dip.Th) | 2 Year | 10th class |
| Bachelor of Theology (B.Th) | 3 year | Plus Two Pass |

Medium instruction Local Language + English

OUR FEATURES • High qualified, experienced and committed faculty • Calm and quit campus with spiritual atmosphere • Daily spiritual activities • Free accommodation, Food and study materials.



Graduates and faculty -2011-'12

For more information and application write to:

The Registrar, SWI Bethel Bible College, Surana Nagar, Barwaha, MP, Pin: 451115, Phone: 07280-222592, 09981571723, 09926702063.

The registrar SWI Bethel bible college, Arannottimangalam P.O, Mavelikara, Alappuzha Dist, Kerala Pin: 690110, Phone : 0479-2356706, 2357050, 09495439140, 09847546700, 09497010138